
12th YEAR

# വേദാഭിമാനി

Vol.12 | No.6 | കാർത്തികപ്പള്ളി | R.No. 7361/02 | 2012 JUNE

വേദപുസ്തക സത്യത്തിലേക്ക് ഒരു ജാലകം : സത്യത്തിന് സാക്ഷി

## ജീവൻ മറ്റെങ്ങുമില്ല



ഭൂമിയിൽ അല്ലാതെ മറ്റേതെങ്കിലും ഗ്രഹത്തിൽ ജീവന്റെ തുടിപ്പുണ്ടോ? ശാസ്ത്രലോകത്തിന്റെ ഈ സംശയത്തിന് ഇനിയും അറുതിയായിട്ടില്ല. ചൊവ്വയിൽ ജീവൻ നിലനിൽക്കുന്നുവെന്ന സംശയത്തിൽ അതു കണ്ടെത്താനുള്ള യത്നത്തിലാണു 'നാസ'യിലെ ശാസ്ത്രജ്ഞർ. എന്നാൽ, ഭൂമിയിൽ അല്ലാതെ മറ്റൊരിടത്തും ജീവന്റെ അംശമില്ലെന്ന് അമേരിക്കയിലെ പ്രിൻസ്റ്റൺ സർവകലാശാലയിലെ രണ്ടു ഗവേഷകർ വ്യക്തമാക്കുന്നു. മറിച്ചുള്ളത് 'പ്രതീക്ഷ' മാത്രമാണെന്നാണ് ഇവരുടെ അഭിപ്രായം. സർവകലാശാലയിൽ അസ്ട്രോഫിസിക്സ് പ്രൊഫസറായ എഡ്‌വിൻ ടർണർ, ഗവേഷകനായ ഡേവിഡ് സ്പീഗൽ എന്നിവരാണു ഭൂമിക്കപ്പുറം ജീവനില്ലെന്നു ചൂണ്ടിക്കാട്ടുന്നത്.

## ഒരാൾ പട്ടണം






ഒരാൾ മാത്രം താമസിച്ചിരുന്ന ലോകത്തിലെ ഏറ്റവും ചെറിയ പട്ടണം അമേരിക്കയിൽ ലേലം ചെയ്തു. അമേരിക്കയിലെ വ്യോമിംഗിലുള്ള ബ്യൂഫഡ് ആണ് പേര് വെളിപ്പെടുത്താത്ത വിയറ്റ്നാം പൗരൻ ഒമ്പതുലക്ഷം ഡോളറിന് ലേലത്തിൽ പിടിച്ചത്. ഓൺലൈനായി നടന്ന ലേലത്തിൽ 25 പേരാണ് പങ്കെടുത്തത്.

മുമ്പ് രണ്ടായിരത്തോളം ആളുകൾ താമസിച്ചിരുന്ന ചെറു പട്ടണമായിരുന്നു ബ്യൂഫഡ്. ഇവിടേക്കുള്ള ട്രെയിൻ സർവീസ് നിർത്തിയതോടെ ആളുകൾ മറ്റിടങ്ങളിലേക്കു ചേക്കേറി. 'ബ്യൂഫഡ്, ജനസംഖ്യ-ഒന്ന്' എന്നായിരുന്നു ഇതിനുശേഷം നഗരത്തിലേക്കുള്ള പ്രവേശന കവാടത്തിൽ രേഖപ്പെടുത്തിയിരുന്നത്. മൂന്നു മുറികളുള്ള വീടിനു പുറമേ പത്തേക്കർ സ്ഥലം, സ്കൂൾ, ഗ്യാസ് സ്റ്റേഷൻ, മൊബൈൽ ടവർ, ഗ്യാരേജ് എന്നിവ ഡോൺ സമൺസ് എന്ന 61 വയസുകാരനാണ് ഇന്റർനെറ്റിലൂടെ ലേലത്തിനു വച്ചത്.

## അത്ഭുതകരമായ അതിജീവനം



മിറക്കിൾ ബേബി (അത്ഭുത ശിശു). ആറുമാസം പ്രായമുള്ള ഒലിവിയയെ ഇപ്പോൾ ഡോക്ടർമാർ വിളിക്കുന്നത് അങ്ങനെയാണ്. ശരീരത്തിൽ രക്താംശമില്ലാതെ പിറന്ന കുഞ്ഞാണവൾ. രണ്ടുമണിക്കൂറിൽ ത്താഴെ മാത്രം ആയുസെന്ന് ഡോക്ടർമാർ വിധിയെഴുതിയ ഒലീവിയ പൂർണ ആരോഗ്യവതിയാണിപ്പോൾ. രണ്ടു തവണ രക്തം മാറ്റി നൽകിയതിലൂടെ ജീവിതത്തിലേക്കു തിരിച്ചുവന്ന അവളെ മറ്റെന്തു പേരിട്ടു വിളിക്കണം. പിറന്നപ്പോൾ മഞ്ഞു പോലെ വെളുത്തിരുന്ന ഒലീവിയെ കണ്ട് ഡോക്ടർമാർ പോലും സ്തബ്ധരായി നിന്നു. തികച്ചും ദുർബല. ശരീരത്തിൽ ഒരു തുള്ളി ചോര ഇല്ലായിരുന്നു. കുഞ്ഞിന്റെ ശരീരത്തിലെ രക്തം അമ്മയുടെ രക്തപര്യയന വ്യവസ്ഥയിലേക്ക് തിരിച്ചൊഴുകുന്ന അത്യപൂർവമായ അവസ്ഥയായിരുന്നു ഇതിനു കാരണം. fetomaternal hemorrhage എന്നാണ് ഇതറിയപ്പെടുന്നത്.

## മരങ്ങൾ താങ്ങുന്ന മരവീട്



തടിയിലൊരു സ്വപ്നഭവനം. ആറു മരങ്ങളാണ് ഈ വീടിനെ താങ്ങിനിർത്തുന്നത്. പത്തുനിലകളുള്ള ട്രീ ഹൗസ്. യു.എസിലെ ടെനീസിയിലെ ക്രോസ് വില്ലയാണിത്. 100 അടി പൊക്കം. ലോകത്തെ ഏറ്റവും പൊക്കമുള്ള ട്രീ ഹൗസ്. ഉടമ ഹൊറേസ് ബർഗെസ്. 11 വർഷം കൊണ്ടാണ് ഹോറേസ് ബർഗെസ് ഈ വീടു പൂർത്തിയാക്കിയത്. നമ്മുടെ വനങ്ങളിലെ ഏറുമാടങ്ങളുടെ സ്വഭാവത്തിലുള്ള വലിയ വീട്. 80 അടി ഉയരമുള്ള ഓക്ക് മരത്തിലാണ് ഈ വീടിന്റെ അടിസ്ഥാനം.

1993 ലാണ് ഹൊറേസ് വീടുപണി തുടങ്ങിയത്. 10000 ചതുരശ്ര അടി വിസ്തീർണ്ണം. റീസൈക്കിൾ ചെയ്ത വസ്തുക്കളാണ് നിർമാണത്തിന് ഏറെയും ഉപയോഗിച്ചത്. വീടിന്റെ നിർമാണത്തിന് പുറമേ നിന്നുള്ള നിർമാണസാമഗ്രികളൊന്നും ഉപയോഗിച്ചിട്ടില്ല. അകത്തൊന്നു കയറി നോക്കൂ. മട്ടു മാറും. ചുറ്റുഗോവണികൾ, ബാസ്ക്കറ്റ് ബോൾ കോർട്ട്, എണ്ണയാലൊടുങ്ങാത്ത മുറികൾ, ഇടനാഴികൾ, ബാൽക്കണികൾ... എല്ലാം തടിയിൽ തീർത്തവ.

രണ്ടുലക്ഷത്തി അമ്പത്തെണ്ണായിരം ആണികൾ ഉപയോഗിച്ച് മരക്കഷണങ്ങൾ ഉറപ്പിച്ചിരിക്കുന്നു. ദൈവത്തിൽ നിന്നുള്ള വെളിപാടു പ്രകാരം തീർത്ത ഈ മരവീട്ടിൽ പ്രാർത്ഥനയ്ക്കും പ്രത്യേകം സംവിധാനം തയാറാക്കിയിരിക്കുന്നു. ഇവിടെ ബൈബിളും ഒരുക്കിയിരിക്കുന്നു. ടോം വെൽറ്റൺ എന്ന ഫോട്ടോഗ്രാഫറാണ് ട്രീഹൗസിന്റെ ചിത്രം മാധ്യമങ്ങൾക്കു നൽകിയത്.

## ഒരു ബൈക്കും ഒരുമയും ഉണ്ടെങ്കിൽ



ഉത്തരേന്ത്യയിലെ ഒരു സാധാരണ കുടുംബം. അച്ഛനും അമ്മയും നാലുമക്കളും ഉൾപ്പെട്ട സംതൃപ്ത കുടുംബം. അവധി ദിവസം ബന്ധുവീട്ടിൽ പോകാൻ പദ്ധതിയിട്ടാൽ തെറ്റുപറയാനാകുമോ? കുടുംബത്തോടൊപ്പം കാറിൽ പോയിവരാം എന്ന മോഹമൊന്നും ഇനി വേണ്ട. ഇന്ധനവില റോക്കറ്റുപോലെ കുതിക്കുകയാണ്. പോക്കറ്റ് കാലിയാകും പക്ഷേ, യാത്ര ഉപേക്ഷിക്കാനാകുമോ. എന്താ പോംവഴി?

സ്വന്തമായുള്ളതു ബൈക്കു മാത്രം. പക്ഷേ അതിലെങ്ങനെ ആറുപേർ.... അല്ല എട്ടുപേർ.... വീട്ടുകാർ പോയാൽ അരുമനായ്ക്കളെ ആരു നോക്കും. കാര്യം കുഴഞ്ഞല്ലോ... ഒടുവിലവർ തുനിഞ്ഞിറങ്ങി. വീട്ടുകാരും നായ്ക്കുട്ടികളും ഉള്ള സ്ഥലം അഡ്ജസ്റ്റ് ചെയ്തു. പണ്ടുള്ളവർ പറയാറില്ലേ, ഒരുമയുണ്ടെങ്കിൽ... യാത്ര ജോർ. എല്ലാവരും ഹാപ്പി. ചിത്രത്തിലൊന്നു സൂക്ഷിച്ചു നോക്കൂ. ബൈക്ക് യാത്ര ചെയ്യുമ്പോൾ ഒഴിവാക്കാനാവാത്ത ഒന്ന് അവർക്കില്ല. ഇവരെയും കടത്തിവെട്ടിയ ചൈനാക്കാരെ വേദാഭിമാനി യാദൃശ്ചികമായി കണ്ടെത്തുകയായിരുന്നു. ഒരു കാര്യം ഉറപ്പായി ഒരുമയുണ്ടെങ്കിൽ ഒരു ബൈക്കു മതി.






# വചന ശക്തിയും സാമിപ്യസുഖവും

തിമൊഥെയോസിന്റെ രണ്ടാം ലേഖനത്തിന്റെ രണ്ടാം അദ്ധ്യായത്തിൽ ഒരു വിശ്വാസി ആരെന്നുള്ളതിന്റെ ചില സൂചനകൾ ഉണ്ട്. നാലാമത്തെ അദ്ധ്യായത്തിൽ ഇതിന്റെ കാതലായ സത്യം പ്രഖ്യാപിക്കുന്നു. വചനം പ്രസംഗിക്ക; സുവിശേഷകന്റെ പ്രവൃത്തി ചെയ്ക (2 തിമൊ. 4:2,5). തിമൊഥെയൊസിന് ഒടുവിലായി പൗലൊസ് അപ്പൊസ്തലൻ കൊടുക്കുന്ന കല്പനയാണിത്. സഭാശുശ്രൂഷകനോ ചുമതലക്കാർക്കോ മാത്രമല്ല, എല്ലാ വിശ്വാസികൾക്കുമായുള്ള കല്പനയത്രെ ഇത്. അത് എപ്രകാരമാണു ചെയ്യേണ്ടതെന്നുള്ളതിനെക്കുറിച്ച് മൂന്നു കാര്യങ്ങൾ നമുക്കു കാണാവുന്നതാണ്.

കർത്താവിനെ കണ്ടുമുട്ടുന്ന നാൾ മുതൽ നമ്മുടെ താലന്തുകൾക്കനുസരിച്ച് ദൈവം ഏല്പിക്കുന്നതായ ശുശ്രൂഷകളെ നാം നിർവ്വഹിക്കണം. നമ്മുടെ ശുശ്രൂഷയിൽ നമുക്ക് ഒരു സന്ദേശം മാത്രമെയുള്ളു. അതാണ് സുവിശേഷം. അതിനെ അറിയിക്കുക.

സുവിശേഷ ഘോഷണത്തിലെ ശ്രദ്ധേയമായ ഒരു കാര്യം 2 തിമൊ. 1:8-ൽ കാണാം. അതുകൊണ്ട് നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തെയും അവന്റെ ബദ്ധനായ എന്നെയും കുറിച്ച് ലജ്ജിക്കാതെ സുവിശേഷത്തിനായി ദൈവശക്തിക്ക് ഒത്തവിധം നീയും എന്നോടുകൂടെ കഷ്ടം സഹിക്ക. സുവിശേഷം അറിയിക്കുന്നതു മാത്രമല്ല, സുവിശേഷത്തിനുവേണ്ടി കഷ്ടം സഹിക്കകൂടി ചെയ്യണം. വിശ്വസിക്കാൻ മാത്രമല്ല, കഷ്ടമനുഭവിക്കാനും ദൈവം നമുക്ക് വരം നൽകിയിരിക്കുന്നു.




വി. പൗലൊസ് തിമൊഥെയൊസിന് കൊടുക്കുന്ന ഉപദേശം ഇന്നും പ്രസക്തമാണ്. ഭക്തിയുണ്ടെങ്കിലും ശക്തിയില്ലാത്ത ജനത്തിന്റെ നടുവിൽ വചനം പ്രസംഗിക്ക. ശക്തിയില്ലാത്ത ദൈവജനത്തെ ഉദ്ധരിക്കുവാൻ ജീവനും ചൈതന്യവുമുള്ള ദൈവത്തിന്റെ വചനം പ്രസംഗിക്കുകയാണാവശ്യം. സുവിശേഷകൻ ശക്തികൊടുക്കുന്നവനാകണമെങ്കിൽ അവനും ശക്തിയുള്ളവനായിരിക്കണം. ശക്തിമാനായി സംസാരിക്കുന്നതല്ല സുവിശേഷപ്രസംഗത്തിന്റെ ശക്തി. ഈ കാലത്ത് അലറിപ്പറയേണ്ട കാര്യമൊന്നുമില്ലല്ലൊ. വളരെ നല്ല ശബ്ദഭദ്രത ഉറപ്പാക്കുന്ന ഉപകരണങ്ങൾ നമുക്ക് ലഭ്യമാണ്. പക്ഷേ പറയുന്ന വചനങ്ങൾ കേൾക്കുന്നവരിൽ ആഴ്ന്നിറങ്ങുവാൻ കാരണമായ പരിശുദ്ധാത്മ കൃപ സുവിശേഷിക്കുന്നവർ പ്രാപിക്കേണ്ടിയിരിക്കുന്നു. ഇല്ലാത്തത് കൊടുക്കുവാൻ കഴിയുകയില്ല എന്നറിയുക. ധാരാളം പുസ്തകങ്ങൾ പ്രഗത്ഭന്മാർ എഴുതിയിട്ടുണ്ട്. ബൈബിൾ തിരിച്ചും മറിച്ചും വ്യാഖ്യാനിച്ചിട്ടുണ്ട്. എന്നാൽ ദൈവാത്മാവ് ഒരു വ്യക്തിയിൽക്കൂടെ സംസാരിക്കുമ്പോൾ അത് കേൾക്കുന്നവർ മനസ്സിലാക്കുന്നു. വാചകക്കസർത്ത് നടത്തുമ്പോൾ അതും അവർ മനസ്സിലാക്കുന്നു. പൗലൊസിന്റെ കാലത്ത് ആസ്യക്കാരായ ഫുഗലൊസും ഹെർമ്മഗനോസും കൂട്ടത്തിൽനിന്ന് വിട്ടുപോയി. ദേമാസ് ലോകസ്നേഹത്താൽ ശുശ്രൂഷയിൽനിന്നു വിട്ടുപോകുകയുണ്ടായി. സത്യത്തെ വിട്ടുപോകുന്ന സമൂഹത്തിന്റെ മധ്യത്തിലാണ് നാം ജീവിക്കുന്നത്. പിന്മാറ്റത്തിൽ പോകുന്ന സമൂഹത്തോട് ദൈവവചനം പ്രസംഗിക്കുവാനും നമുക്ക് ഉത്തരവാദിത്വമുണ്ട്.

2 തിമൊ. 2:15-ൽ വചനത്തെ വിശേഷിപ്പിച്ചിരിക്കുന്നത് സത്യവചനം എന്നാണ്. ഇതാണു സുവിശേഷം. ലോകത്തിലേക്കും മഹത്ത്വകരമായ സന്ദേശമാണിത്. പാപിയെ സ്നേഹിക്കുന്ന ദൈവം, തന്റെ ഓമനപ്പുത്രന്റെ തിരുരക്തത്താൽ നമ്മെ വീണ്ടെടുത്തിരിക്കുന്നു എന്നുള്ളതാണ് ഈ സുവിശേഷം. സുവിശേഷത്തിന്റെ കാതൽ യേശുവിനെ ഉയർത്തുക എന്നുള്ളതായിരിക്കണം.

യേശുവിന്റെയടുക്കൽ ഭക്ഷണം പോലും കഴിക്കാതെ മൂന്നുദിവസം വചനം കേട്ടിരുന്ന ജനം അനുഭവിച്ചത് അവൻ കൊടുത്ത വചനശക്തിയും അവന്റെ സാമീപ്യസുഖവുമായിരുന്നു. ഭക്ഷണംവെടിഞ്ഞ് അവന്റെ കൂടെയിരിക്കുന്നതിലും അവർ സുഖം കണ്ടെത്തിയെന്നത് ആശ്ചര്യമായിരിക്കുന്നില്ലെ? ഈ ജനം മൂന്നുനാളായി നിന്നോടൊത്തു പാർക്കുന്നു. അവരെ പറഞ്ഞുവിടേണം - എന്നു ശിഷ്യന്മാർക്കായിരുന്നു നിർബന്ധം, ജനം പോകുവാനാഗ്രഹിച്ചിരുന്നില്ല എന്ന് ഇത് സൂചിപ്പിക്കുന്നു. തേജസ്സ് നഷ്ടപ്പെട്ട മനുഷ്യനെ ദൈവതേജസ്സുള്ളതാക്കി തീർക്കുന്നതാണ് ഈ സുവിശേഷം. ദൈവകൃപയിൽനിന്നും അകന്നുപോയ മനുഷ്യനെ കൃപയിൽ പങ്കാളിയാക്കി ഉത്സവവസ്ത്രം ധരിപ്പിക്കുന്നതാണ് ഈ സുവിശേഷം. പൂർണതയിലേക്ക് വളർത്തുവാനും തികഞ്ഞവനാക്കുവാനും ദൈവവചനത്തിന് ശക്തിയുണ്ട്. ഇതാണ് മഹത്വകരമായ സുവിശേഷം.

അത് പ്രസംഗിക്കുവാനായി നാം നിയോഗിക്കപ്പെട്ടിരിക്കുന്നു. ദൈവേഷ്ടത്താൽ ആണ് ഈ നിയോഗം ലഭിച്ചിരിക്കുന്നത് (2 തിമൊ. 1:1). ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും ന്യായവിസ്താരം നടത്തുന്ന ഒരു ദിനത്തിൽ ദൈവത്തിന്റെ ന്യായാസനത്തിൻ മുമ്പാകെ നാം നിൽക്കേണ്ടവരാകുന്നു എന്നുള്ള ബോധ്യവും നമുക്കുണ്ടായിരിക്കണം. നാം കണക്ക് ബോധിപ്പിക്കേണ്ടവരാണ്.

ഈ സുവിശേഷം സമയത്തും അസമയത്തും പ്രസംഗിക്കുന്നതിനായി നാം ബാദ്ധ്യസ്ഥരാണ്. എല്ലാം അനുകൂലമായിരിക്കുന്ന സാഹചര്യത്തിൽ മാത്രമല്ല, പ്രതികൂലങ്ങളിലും എല്ലാ സന്ദർഭങ്ങളിലും വചനം പ്രസംഗിക്കണം. പൗലൊസിന്റെ ജീവിതത്തിൽ വചനം പ്രസംഗിക്കുന്നതിൽ പല സവിശേഷതകൾ കാണാം (പ്രവൃ. 20:20). പരസ്യമായും വീടുതോറും പ്രസംഗിക്കുകയും ഉപദേശിക്കുകയും ചെയ്തു. കോടതി മുറിയും അപ്പൊസ്തലൻ പ്രസംഗവേദിയാക്കി (2 തിമൊ. 4:16,17). വരുവാനുള്ള ന്യായവിധി, ഇന്ദ്രിയജയം, നീതി എന്നിവയെക്കുറിച്ച് പ്രസംഗിപ്പാനുള്ള ബലം വിശ്വാസിക്ക് ഉണ്ടായിരിക്കണം (ഫിലി. 1:3). തടവറയെ സുവിശേഷവേലയുടെ വേദിയാക്കി പൗലൊസ് മാറ്റുകയുണ്ടായി. രോഗകിടക്കയിലും, പ്രശ്നങ്ങളുടെ നടുവിലും, ബന്ധനം ഉണ്ടാകുമ്പോഴും വചനം പറയുവാൻ വിശ്വാസി കടപ്പെട്ടവനാണ്. ദുഃഖങ്ങളിൽ സ്തോത്രം ചെയ്ത് പാട്ടുപാടി കർത്താവിന്റെ സുവിശേഷം അറിയിക്കുന്നവനായിരിക്കണം വിശ്വാസി (റോമ. 1:15).

വചനം പറയുന്നത് ഒരാവേശമായി ഉള്ളിൽ എപ്പോഴും ജ്വലിച്ചു നിൽക്കണം. മങ്ങിപ്പോകാതെ ആ ജ്വാലയെ ആളിക്കത്തിക്കുന്നതിനാവശ്യമായ ഘടകങ്ങൾ യേശുവിനോടുള്ള തീവ്രമായ സ്നേഹവും, സമർപ്പണവും അത്രെ. ക്രൂശിക്കാനായി വിട്ടുകൊടുത്തവന്റെ ജീവൻ നമ്മെ ഊതിക്കൊണ്ടിരിക്കണം. ആ കാറ്റിൽ നമ്മുടെ ഉള്ളിലെ സ്നേഹാദരവിന്റെ കനലുകൾ ജ്വലിച്ച് ആളിക്കത്തണം. ജനമെല്ലാം യേശുവിനോടുള്ള നമ്മുടെ സ്നേഹത്തിന്റെ ആദരവിന്റെ സുഗന്ധം അനുഭവിച്ച് അവനിലേക്ക് ആകർഷിക്കപ്പെടണം. എന്റെ കർത്താവിന്റെ ആഴമേറിയ സ്നേഹം എത്ര മഹത്തരവും മഹാത്ഭുതവുമാകുന്നുവെന്ന് ലോകം മുഴുവനും പറയണം.

എല്ലാ ദിവസവും കിടക്കയിലേക്ക് വിശ്രമത്തിനായി പോകുമ്പോൾ, മകനെ! ഇന്നു നീ നല്ലത് ചെയ്തു എന്നുള്ള ദൈവശബ്ദം കേൾക്കുവാൻ ഒരു ദൈവപൈതലിന് ഇടയാകണം. പടചേർത്തവനെ പ്രസാദിപ്പിച്ചു എന്നുള്ള ദൈവശബ്ദമാണു ദിനംതോറും ഹൃദയഭിത്തിയിൽ മുഴങ്ങേണ്ടത്.

ഇംഗ്ലണ്ടിലെ ഒരു മ്യൂസിക് ക്ലാസ്സിലെ പ്രഗത്ഭനായ ഒരു ചെറുപ്പക്കാരൻ ഒരിക്കൽ ഒരു പ്രത്യേക സദസ്സിൽ പാട്ട് പാടുവാൻ ക്ഷണിക്കപ്പെട്ടു. നിറഞ്ഞു കവിഞ്ഞിരുന്ന സദസ്സിന്റെ മുമ്പാകെ നിന്ന് മനോഹരമായ ഒരു ഗാനം പാടി. ജനങ്ങൾ കയ്യടിച്ച് അഭിനന്ദിച്ചു. ചെറുപ്പക്കാരനിൽ യാതൊരു ഭാവഭേദവുമുണ്ടായിരുന്നില്ല. ആദ്യത്തേതിനേക്കാൾ മനോഹരമായ ഒരു ഗാനം രണ്ടാമതു പാടി. സദസ്സ്യർ എഴുന്നേറ്റുനിന്ന് കയ്യടിച്ചു സന്തോഷം രേഖപ്പെടുത്തി. യാതൊരു ഭാവഭേദവുമുണ്ടാകാതിരുന്ന ചെറുപ്പക്കാരൻ ഹൃദയവേദനയോടെ മൂന്നാമതൊരു ഗാനം ഹൃദയസ്പൃക്കായി പാടി. സദസ്സിന്റെ പിൻഭാഗത്തിരുന്ന ഗുരു എഴുന്നേറ്റു നിന്ന് തലയാട്ടി അഭിനന്ദനം രേഖപ്പെടുത്തിയത് ചെറുപ്പക്കാരൻ ശ്രദ്ധിച്ചു. അപ്പോൾ അവന്റെ ഹൃദയം തുടിച്ച് കണ്ണു നിറഞ്ഞൊഴുകി. ജനങ്ങളുടെ കൈയടിക്കുവേണ്ടിയല്ല പടചേർത്തവനെ പ്രസാദിപ്പിക്കുവാനായിരിക്കണം സുവിശേഷവേലക്കാരനും വിശ്വാസിയും ശ്രമിക്കേണ്ടത്.

നമ്മെ വിളിച്ചവൻ പ്രസാദിക്കുകയാണാവശ്യം. നല്ല ദാസനെ എന്നുള്ള ശബ്ദം ദിനംതോറും കേൾക്കുവാനിടയാകണം. ഫുട്ബോൾ കളിക്കാരൻ ജനങ്ങളുടെ കൈയടിക്കുവേണ്ടി കളിച്ചാൽ ടീമിന് തോല്വി സംഭവിക്കും. എന്നാൽ ടീം ക്യാപ്റ്റന്റെ നിയന്ത്രണത്തിൽ കളിക്കുമ്പോഴാണ് വിജയം ലഭ്യമാകുന്നത്. യോഹന്നാൻ സ്നാപകൻ ഹെരോദാവിന്റെ സന്നിധിയിലെ ഗംഭീരമായ പ്രസംഗം കഴിഞ്ഞപ്പോൾ ആരും അഭിനന്ദിച്ചു കാണില്ല. എന്നാൽ യോഹന്നാൻ ദൈവത്തിന്റെ ശുശ്രൂഷ അവനു പ്രസാദകരമാകുംവിധം നിർവഹിച്ചു. യേശുവിനുവേണ്ടി പൊരുതുന്ന ദൈവപൈതൽ പടചേർത്തവനെ മാത്രമാണ് പ്രസാദിപ്പിക്കേണ്ടത്. സത്യവചനത്തെ യഥാർഥമായി പ്രസംഗിച്ച് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരായിരിക്കാം. ദൈവത്തിന് കൊള്ളാകുന്നവനായി നിലനിൽക്കുവാൻ ശ്രമിക്കാം.


**വേദാഭിമാനി**
JUNE

ചീഫ് എഡിറ്റർ
ടൈറ്റസ് കാർത്തികപ്പള്ളി

മാനേജർ
ഏബ്രഹാം മത്തായി (സണ്ണി)

പബ്ലിഷർ
കെ. സി. വർഗ്ഗീസ്, കല്ലുമണ്ണിൽ

കോ-ഓർഡിനേറ്റർ
തോമസ് വർക്കി

വാർഷിക വരിസംഖ്യ
ഇന്ത്യ - Rs. 100
യു.എസ്.എ. - $25
മറ്റു രാജ്യങ്ങൾ - Rs.1000

എല്ലാ രാജ്യങ്ങളിലും
വേദാഭിമാനി ലഭിക്കുന്നതാണ്
വരിസംഖ്യ അയക്കേണ്ട വിലാസം
**വേദാഭിമാനി**
കേരള - 690 516

തിരുവെഴുത്തിൽ ഉൽപ്പത്തി മുതൽ വെളിപ്പാട് വരെ സവിസ്തരമായി പ്രതിപാദിച്ചിട്ടുള്ള വിഷയമാണ് വേർപാട് എന്നുള്ളത്. വേർപാട് എന്ന പദത്തിന് വിശുദ്ധി എന്നർത്ഥം കൊടുത്തിരിക്കുന്നു. ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെട്ട എല്ലാം വിശുദ്ധം എന്ന് വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ അശുദ്ധവും അയോഗ്യവുമായ കാര്യങ്ങളിൽ നിന്നും വിശ്വാസികൾ വേർപെട്ട് ദൈവത്തിന്റെ വ്യതന്മാരെന്ന നിലയിൽ ജീവിതം നയിക്കേണ്ടവരാണ്.

വേർപാട് എന്ന വിഷയം സംബന്ധിച്ചുള്ള പഠനത്തിന് പ്രധാനമായും രണ്ട് ഭാഗങ്ങൾ ഉണ്ട്: ഒന്ന് ഏതിൽ നിന്ന് വേർപെടുന്നു? രണ്ട്: ഏതിലേക്ക് വേർപെടുന്നു? ഒന്നിനോട് യാത്ര പറഞ്ഞ് മറ്റൊന്നിനോട് ചേരുക എന്ന ആശയമാണ് വേർപാട് എന്നതിൽ അടങ്ങിയിരിക്കുന്നത്. ഏതിൽ നിന്നെല്ലാം ദൈവജനം വേർപെടണം, ഏതിനോടെല്ലാം ദൈവജനം യോജിച്ചിരിക്കണം? ഇതു സംബന്ധിച്ച് ദൈവവചനം എന്തു പറയുന്നു എന്ന് നാം അറിഞ്ഞിരിക്കേണ്ടതാണ്.

യേശു കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുന്ന നിമിഷത്തിൽ ഒരുവൻ മരണത്തിൽ നിന്ന് ജീവങ്കലേക്ക് കടക്കുന്നു. അഥവാ പാപത്തിന്റെ ശിക്ഷയിൽ നിന്നും ഒരിക്കലായി വിടുവിക്കപ്പെടുന്നു (റോമർ 8:1). എന്നാൽ അവൻ പാപത്തിന്റെ ശക്തിയിൽ നിന്നും നിരന്തരമായി വിടുതൽ പ്രാപിക്കേണ്ടതാണ്. അതിനെയാണ് വേർപാടു ജീവിതം എന്ന് പറയുന്നത്. അതുകൊണ്ട് ഒരു വ്യക്തിയിൽ ഒന്നാമത് സംഭവിക്കേണ്ട വേർപാട് പാപത്തോടാണ്.




## ലോകത്തിൽ നിന്നും വേർപെടുക.

ക്രിസ്തു വിശ്വാസികൾ ലോകത്തിൽ നിന്ന് വേർതിരിക്കപ്പെട്ടവരാണ് (യോഹ. 15:19). കർത്താവ് നമ്മെ ലോകത്തിൽ നിന്ന് തെരഞ്ഞെടുത്തതാണ്. നാം ലോകത്തിലാണ് ജീവിക്കുന്നതെങ്കിലും നാം ലോകത്തിനുള്ളവരല്ല. ലോകത്തിന്റെ ഗതിക്ക് വിധേയരല്ല. നാം ലോകത്തിൽ ജീവിക്കുന്നെങ്കിലും ലൗകികന്മാരല്ല. സത്യത്തിൽ നമ്മെ വിശുദ്ധീകരിച്ചിരിക്കുകയാണ് (യോഹ. 17:14-17).

ലോകം ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു. വിശ്വാസികൾ ക്രിസ്തുവിനുള്ളവരാകയാൽ സാത്താനുള്ളവരോ, സാത്താനെ അനുസരിച്ച് നടക്കുന്നവരോ അല്ല. ദൈവത്തെയും ദൈവവചനത്തെയും പരിശുദ്ധാത്മാവിനെയും അനുസരിച്ചാണ് ജീവിക്കേണ്ടത്. യോഹന്നാന്റെ ലേഖനത്തിൽ നാം വായിക്കുന്നത്: 'ലോകത്തെയും, ലോകത്തിനുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഢമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതെല്ലാം പിതാവിൽ നിന്നല്ല. ലോകത്തിൽ നിന്നത്രേ ആകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു. ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു (1 യോഹ. 2:15-17). ഇങ്ങനെ ഒഴിഞ്ഞുപോകുന്ന കാര്യങ്ങളിൽ നിന്നും അഥവാ ദൈവത്തിന് ഇഷ്ടമില്ലാത്തവയിൽ നിന്നും വേർപെട്ട് ദൈവത്തിന്റെ ഇഷ്ടം ചെയ്യുവാൻ നാം ബാദ്ധ്യസ്ഥരാണ്.

നാം കർത്താവിൽ വിശ്വസിക്കുന്ന സമയം മുതൽ ലോകത്തിൽ നിന്നുള്ള വേർപാട് നമ്മിൽ ആരംഭിക്കുന്നു. ഈ വേർപാട് നമ്മുടെ ജീവിതകാലം മുഴുവൻ തുടരേണ്ടതാണ്. നമ്മുടെ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും ലോകത്തിൽ നിന്നുള്ള വേർപാട് വ്യക്തമായി സാധിക്കേണ്ടതാണ്. അങ്ങനെയല്ലാത്ത ജീവിതം യഥാർത്ഥ ക്രിസ്തീയ ജീവിതം എന്ന് പറയാൻ സാധ്യമല്ല.

## അവിശ്വാസികളിൽ നിന്നും വേർപെടുക

ദൈവമക്കൾ ഈ ലോകത്തിന് അനുരൂപപ്പെടരുത് (റോമ. 12:2). ദുർന്നടപ്പുകാരോട് സംസർഗ്ഗം അരുത് (1 കൊരി. 5:9). അവിശ്വാസികളോട് ഇണയില്ലാപിണ കൂടരുത്, നീതിക്കും, അധർമ്മത്തിനും തമ്മിൽ എന്തൊരു ചേർച്ച; വെളിച്ചത്തിന് ഇരുളിനോട് എന്തു കൂട്ടായ്മ; ക്രിസ്തുവിനും ബിലയാമിനും തമ്മിൽ എന്തൊരു പൊരുത്തം; നല്ല വിശ്വാസിക്ക് അവിശ്വാസിയുമായി എന്തൊരു പൊരുത്തം; അല്ല വിശ്വാസിക്ക് അവിശ്വാസിയുമായി എന്ത് ഓഹരി (2 കൊരി. 6:14-15).

വിശ്വാസി ലോകത്തിലാണ് ജീവിക്കുന്നതെങ്കിലും അവിശ്വാസികളോട് വേർപെടണമെന്നുള്ളത് തിരുവചനത്തിലെ ഒരു കൽപ്പനയാണ്. വിശ്വാസികളും അവിശ്വാസികളും തമ്മിൽ ഒരുമിച്ച് കർത്താവിനെ ആരാധിക്കുവാൻ കഴിയുന്നതല്ല. അതിനാലാണ് വിശ്വാസികൾ പാപത്തിൽ നിന്നും, ലോകത്തിൽ നിന്നും, സമുദായങ്ങളിൽ നിന്നും, വ്യർത്ഥമായ ആചാരാനുഷ്ടാനങ്ങളിൽ നിന്നും, ദുർനടപ്പുകളിൽനിന്നും, വേർപെടേണ്ടത്. ഇതുപോലെതന്നെ നമ്മുടെ ജീവിതത്തിൽ വിശുദ്ധി സംബന്ധിച്ച് അനുദിനം അനുവർത്തിക്കേണ്ട കാര്യങ്ങളും ഉണ്ട്. സൃഷ്ടാവും രക്ഷിതാവുമായ സത്യേക ദൈവത്തിനും അവന്റെ പ്രമാണങ്ങൾക്കും എതിരായിട്ടുള്ള ഏതെല്ലാം സംഗതികൾ ഉണ്ടോ അവകളിൽ നിന്നെല്ലാം പരിപൂർണ്ണമായും ദൈവജനം അകന്നുമാറേണ്ടതാണ് (സങ്കീ. 1:1).

ദൈവപ്രമാണത്തിന് വിരുദ്ധമായ മാനുഷിക ചട്ടങ്ങൾ, പാരമ്പര്യങ്ങൾ, നേർച്ചകൾ, വിഗ്രഹാരാധന, ആഭിചാരം, രാഹുവേള, മുഹൂർത്തം നോക്കൽ തുടങ്ങിയ ജാതീയ ആചാരങ്ങൾ; പുകവലി, ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുക, സിനിമാ കാണുക മുതലായ ദുഷ്പരിചയങ്ങളും ലോകമോഹങ്ങൾ, ജഡാസക്തികൾ, ആർഭാട-ആഡംബര ജീവിതം, ദ്രവ്യാഗ്രഹം, വഴിവിട്ട ലൈംഗിക ബന്ധങ്ങൾ തുടങ്ങി രഹസ്യപാപങ്ങളും മുറുകെ പറ്റുന്ന പാപങ്ങളും വിശ്വാസികളിൽ കാണുവാൻ പാടില്ല. ഇവയിൽ നിന്നൊക്കേയും വിശ്വാസികൾ പരിപൂർണ്ണമായും ഒഴിഞ്ഞിരിക്കണം. ഈ വക കാര്യങ്ങൾ വേദപുസ്തകത്തിൽ ഉണ്ടോ എന്ന് ചോദിക്കുന്നവർ ഇന്നു കുറവല്ല. ഗലാത്യ ലേഖനത്തിൽ പറയുന്ന ജഢത്തിന്റെ പ്രവർത്തികളിൽപ്പെടുന്നവകളാണ് ഇവയൊക്കെ (ഗലാത്യ 5:19-21). എവിടെ നിന്നാലും ദൈവത്തെ ആരാധിച്ചാൽ മതിയല്ലോ എന്ന് പറയുന്നവരും ഇന്നുണ്ട്. അത് ഫറവോന്റെ ആലോചനയാണ്. മിസ്രയീമിൽ തന്നെ ദൈവത്തെ ആരാധിച്ചുകൊള്ളുവാൻ ഫറവോൻ മോശെയോട് ഉപദേശിച്ചു. എന്നാൽ ദൈവകൽപ്പന മൂന്നു ദിവസത്തെ വഴിദൂരം മരുഭൂമിയിൽ പോയി ദൈവത്തെ ആരാധിക്കുക എന്നതായിരുന്നു (പുറപ്പാട് 5:3). അതിനാൽ ഫറവോനെ അനുസരിച്ച് ദൈവകൽപ്പനക്ക് വിരോധമായി പ്രവർത്തിക്കാതെ അവർ മിസ്രയീമിൽ നിന്നും, മിസ്രയിമ്യരിൽ നിന്നും ഫറവോനിൽ നിന്നും പരിപൂർണ്ണമായി വേർപെട്ട് ദൈവത്തെ ആരാധിക്കുവാൻ ഇറങ്ങിത്തിരിച്ചു. അങ്ങനെ ദൈവമക്കളായി തീർന്നവർ അവിശ്വാസികളിൽ നിന്നും അകന്ന് ദൈവമക്കളോട് ചേർന്ന് ദൈവത്തെ ആരാധിക്കണം.

## ദുരുപദേശത്തിൽ നിന്നും വേർപെടണം

ദൈവവചന വിരുദ്ധമായി ലോകത്തിൽ ഇന്ന് വളരെ ഉപദേശങ്ങൾ കാണുന്നുണ്ട്. 'സദൂക്യരുടേയും, പരീശന്മാരുടേയും പുളിച്ചമാവ് സൂക്ഷിച്ചുകൊൾവീൻ' എന്നു യേശുകർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞു (മത്താ. 16:6; 11-12). ന്യായപ്രമാണസത്യങ്ങൾക്ക് ചേരാത്തതായ പല പാരമ്പര്യങ്ങളും, കെട്ടുകഥകളും, അവർ സ്വീകരിച്ച് ഭക്തിയുടെ വേഷം ധരിച്ചുകൊണ്ട് ജീവിക്കുന്നതിനെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. ഇന്ന് പല ക്രിസ്തീയ സമുദായങ്ങളിലും ഈ വിധമുള്ള ധാരാളം ദുരുപദേശങ്ങളുണ്ട്; പുളിച്ചമാവുണ്ട്. അവയെ സൂക്ഷിക്കണം. രക്ഷിക്കപ്പെട്ട ദൈവമക്കൾ ദൈവവചനാനുസരണമായ ഉപദേശങ്ങളെ മാത്രമേ സ്വീകരിക്കാവൂ. കേൾക്കുന്ന ഉപദേശങ്ങൾ ദൈവവചനത്തിലുണ്ടോ എന്ന് നാം നിർബന്ധമായും പരിശോധിക്കണം. ഉപദേശത്തിനും, ശാസനത്തിനും, ഗുണീകരണത്തിനും, നീതിയിൻ അഭ്യസനത്തിനും, മതിയായ സത്യങ്ങൾ തിരുവചനത്തിൽ മാത്രമാണുള്ളത്. ആയതിനാൽ തിരുവചനത്തിൽ പറയുന്ന ഉപദേശങ്ങൾ എന്തെന്ന് പരിശോധിച്ച് ആ അടിസ്ഥാനോപദേശങ്ങളിൽ ഒരു വിശ്വാസി അടിയുറച്ചവനായിരിക്കണം.

## ദുരാചാരങ്ങളിൽ നിന്ന് വേർപെടുക

ദുരുപദേശങ്ങളെപോലെ അനേകം ദുരാചാരങ്ങളും ക്രിസ്തീയ സമൂഹങ്ങളിൽ കടന്നുകൂടിയിട്ടുണ്ട്. ജാതികളിൽ നിന്നും സ്വീകരിച്ചിട്ടുള്ളവയാണ് അവയിൽ പലതും. വിശ്വാസികൾ ഇങ്ങനെയുള്ള ദുരാചാരങ്ങളിൽ നിന്നും വേർപെട്ടിരിക്കുകയും അവ സഭയ്ക്കുള്ളിൽ കടക്കാതെ സൂക്ഷിക്കുകയും വേണം. ലോകത്തോട് അനുരൂപരാകാതെ, ലോകത്താലുള്ള കളങ്കം പറ്റാതെ ഓരോരുത്തരും സ്വയം സൂക്ഷിക്കയും; വേർപാടിന്റെ മനോഹാരിത ജീവിതത്തിൽ നിലനിർത്തുകയും വേണം. അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

**വി.ജെ.റ്റി.**




# മരണവും മരണാനന്തരജീവിതവും

പഠനപരമ്പര 3

**“എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തിരിക്കുന്നു”** (1 കൊരി. 15:20).

മരണാനന്തരം എന്തു സംഭവിക്കുമെന്ന് കാണിക്കുവാൻ സാധ്യമല്ല. ചിലർ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റിട്ടുണ്ടെങ്കിലും ഈ ജീവിതത്തിനപ്പുറമുള്ള അവരുടെ അനുഭവ വിവരണങ്ങൾ ഒന്നും നമുക്ക് സ്വീകാര്യമല്ല.

നമ്മിൽ മിക്കപേർക്കും തുടർച്ചയായി ജീവിക്കണം എന്നാണ് താല്പര്യം. ശലോമോൻ പറഞ്ഞു, “അവൻ സകലവും അതതിന്റെ സമയത്ത് ഭംഗിയായി ചെയ്തു നിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ വെച്ചിരിക്കുന്നു. എങ്കിലും ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവൃത്തി ഗ്രഹിപ്പാൻ അവർക്ക് കഴിവില്ല” (സഭാ.പ്ര. 3:11). നമ്മുടെ പ്രിയപ്പെട്ടവരെ മരണശേഷം വീണ്ടും കാണുവാൻ നമ്മിൽ മിക്കപേർക്കും താൽപര്യമുണ്ട്. കല്ലറക്കപ്പുറമുള്ള ജീവിതത്തിൽ നാം പ്രത്യാശിക്കുന്നു. മരണം ഒരു അടഞ്ഞ വാതിലായി കാണുവാൻ നാം ആഗ്രഹിക്കുന്നില്ല;

തത്വചിന്തകന്മാർ അവരുടെ ആശയപ്രകാരം മരണാനന്തരജീവിതത്തെ ഉറപ്പിക്കുകയോ അല്ലെങ്കിൽ നിഷേധിക്കുകയോ ചെയ്യും. യുക്തിക്ക് മാത്രം അവരുടെ തീർപ്പിനെ തെളിയിക്കുവാൻ സാധ്യമല്ല. പ്രസക്തമെന്ന് തോന്നുന്നതു സത്യമാകണമെന്നില്ല.

ഇയ്യോബ് ചോദിച്ചു, “മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ?” (ഇയ്യോബ് 14:14) ആ ചോദ്യത്തിനുള്ള ഉത്തരം ദൈവത്തിനു മാത്രമെ വെളിപ്പെടുത്തുവാൻ കഴിയൂ. മരണാനന്തര ജീവിതത്തെക്കുറിച്ച് ചോദ്യം ചെയ്യപ്പെടാത്ത ഉറപ്പോ വ്യക്തമായ തെളിവോ യുക്തിക്കോ തത്വശാസ്ത്രത്തിനോ നൽകുവാൻ സാധ്യമല്ല.

നിത്യജീവന്റെ സ്വഭാവത്തെക്കുറിച്ച് പഴയനിയമം മുഖ്യമായി പ്രതിപാദിക്കുന്നില്ലെങ്കിലും മരണാനന്തരജീവിതത്തെ കുറിച്ച് സൂചനകൾ നൽകുന്നുണ്ട്. തങ്ങൾ വീണ്ടും ജീവിക്കുമെന്നതിനുള്ള തെളിവുകൾ ആരായുവാൻ യിസ്രായേൽ ശ്രമിച്ചിരുന്നു.


മരണാനന്തരജീവിതത്തെക്കുറിച്ചു പഠിക്കുവാൻ അവർ മനസിലാക്കിയ ഏതാനും വേദഭാഗങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

ആവർത്തനപുസ്തകം 32:39 – “ഞാൻ കൊല്ലുന്നു; ഞാൻ ജീവിപ്പിക്കുന്നു.”

സങ്കീർത്തനങ്ങൾ 17:15– “ഞാനോ നീതിയിൽ നിന്റെ മുഖത്തെ കാണും. ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ടു തൃപ്തനാകും.”

സഭാപ്രസംഗി 12:7 – “പൊടി പണ്ട് ആയിരുന്നതുപോലെ ഭൂമിയിലേക്ക് തിരികെ ചേരും, ആത്മാവ് അതിനെ നൽകിയ ദൈവത്തിങ്കലേക്ക് മടങ്ങിപ്പോകും.”

യെശയ്യാവ് 26:19 – “നിന്റെ മൃതന്മാർ ജീവിക്കും; എന്റെ ശവങ്ങൾ എഴുന്നേൽക്കും; പൊടിയിൽ കിടക്കുന്നവരേ, ഉണർന്നു ഘോഷിപ്പിൻ, നിന്റെ മഞ്ഞു പ്രഭാതത്തിലെ മഞ്ഞുപോലെ ഇരിക്കുന്നു; ഭൂമി പ്രേതന്മാരെ പ്രസവിക്കുമല്ലോ.”



ഈ പ്രസ്താവനകൾ മരണാനന്തരജീവിതത്തെ കുറിച്ചു പറയുന്നതാണ്, എന്നാൽ മരണാനന്തജീവിതം എങ്ങനെ ആയിരിക്കുമെന്നോ അവർ എവിടെ ആയിരിക്കുമെന്നോ അവ വ്യക്തമാക്കുന്നില്ല. അവ രണ്ടിനെക്കുറിച്ചും പുതിയനിയമം വളരെ വിവരങ്ങൾ നൽകുന്നുണ്ട്.

ദൈവം അബ്രഹാമിനോട് പറഞ്ഞു, “നീയോ സമാധാനത്തോടെ നിന്റെ പിതാക്കന്മാരോട് ചേരും; നല്ല വാർദ്ധക്യത്തിൽ അടക്കപ്പെടും” (ഉൽപത്തി 15:15; കൂടാതെ 25:8; 35:29; 49:33). “പിതാക്കന്മാരോട് ചേരും” എന്ന പദപ്രയോഗം അർത്ഥമാക്കുന്നത്, അപ്പോഴും അബ്രഹാമിന്റെ പിതാക്കന്മാരുണ്ട് എന്നതാണ്, പക്ഷെ മറ്റൊരു സ്ഥലത്താണെന്ന് മാത്രം.

മരിച്ചവരുടെ അവസ്ഥയെ കുറിച്ച് ഇയ്യോബ് പറഞ്ഞു:

അവിടെ ദുർജനം ഉപദ്രവിക്കാതിരിക്കുന്നു, അവിടെ ക്ഷീണിച്ചുപോയവർ വിശ്രമിക്കുന്നു; അവിടെ ബദ്ധന്മാർ ഒരുപോലെ സുഖമായിരിക്കുന്നു, പീഡകന്റെ ശബ്ദം അവർ കേൾക്കാതിരിക്കുന്നു, ചെറിയവനും വലിയവനും അവിടെ ഒരുപോലെ.ദാസന്ന് യജമാനന്റെ കീഴിൽനിന്നു വിടുതൽ കിട്ടിയിരിക്കുന്നു (ഇയ്യോബ് 3:17–19).

മരണാന്തര ജീവിതത്തെക്കുറിച്ചുള്ള സൂചനയും അവൻ നൽകുന്നു, എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും; ഞാൻ തന്നെ അവനെ കാണും (ഇയ്യോ. 19:26,27).

തനിക്ക് അവിടേക്ക് പോകുവാൻ കഴിയും എന്നതുകൊണ്ട്, ദാവീദിന് തന്റെ മകന്റെ വേർപാടിൽ ദുഃഖമുണ്ടായിരുന്നുവെങ്കിലും ആശ്വാസം കണ്ടെത്തി (2 ശമു. 12:23). ദാവീദ് മരണാനന്തര ജീവിതത്തിൽ വിശ്വസിച്ചിരുന്നുവെന്നാണ് ഇതു തെളിയിക്കുന്നത്. അവന്റെ മകൻ ജീവിച്ചിരിപ്പില്ലെങ്കിൽ ദാവീദിന് എങ്ങനെ മകന്റെ അടുക്കൽ പോകുവാൻ കഴിയും? “എന്റെ പ്രാണനെ നീ പാതാളത്തിൽ വിട്ടുകളഞ്ഞില്ല” എന്ന് ദാവീദ് പ്രവചിക്കുകയുണ്ടായി (സങ്കീ. 16:10). ആ വേദഭാഗം യേശുവിനെകുറിച്ചു പറയുന്നതാണ് (അ.പ്ര. 2:25–28).

ദാനിയേൽ എഴുതി, “നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവന്നായും ചിലർ ലജ്ജെക്കും നിത്യനിന്ദക്കുമായി ഉണരും” (ദാനി. 12:2).

നമ്മുടെ ജീവിതം ഇവിടെ അവസാനിക്കുന്നില്ല എന്നാണ് വേദഭാഗങ്ങളെല്ലാം സൂചിപ്പിക്കുന്നത്. മരിച്ചശേഷം നാം ജീവിക്കും.

## പുതിയനിയമത്തിൽ നിന്നുള്ള ഉറപ്പ്

മരണാനന്തര ജീവിതത്തെക്കുറിച്ച് പുതിയനിയമം പഠിപ്പിക്കുന്നുണ്ട്. യേശുവിന്റെ ഉപദേശങ്ങളിലെ മുഖ്യവിഷയങ്ങളിലൊന്നായിരുന്നു നിത്യജീവൻ (യോഹന്നാൻ 4:36; 6:54; 10:28; 12:25; 17:2,3), ആ വിഷയം പുതിയനിയമത്തിൽ ഉടനീളം തുടരുന്നുണ്ട് (അ.പ്ര. 13:48; റോമർ 2:7; 1 തിമൊ. 6:12).

മരണാനന്തര ജീവിതം ഉണ്ടെന്നുള്ളതിന്റെ തെളിവാണ് യേശുവിന്റെ ഉയർപ്പ്. അവന്റെ ഉയർപ്പിൽ നമുക്ക് മരണാനന്തര ജീവിതത്തിന്റെ പ്രത്യാശയും (1 കൊരി. 15:13–22) നാം വീണ്ടും ജീവിക്കും എന്നതിന്റെ ഉറപ്പും ഉണ്ട്. അവൻ പറഞ്ഞു, “ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു” (യോഹ. 11:25); “ഞാൻ ജീവിക്കുന്നതുകൊണ്ട്, നിങ്ങളും ജീവിക്കുന്നു” (യോഹ. 14:19). യേശു “മരണം നീക്കുകയും സുവിശേഷം കൊണ്ട് ജീവനും അക്ഷയതയും വെളിപ്പെടുത്തി” (2 തിമൊ. 1:10).

തത്വജ്ഞാനത്തിന്റെയോ, യുക്തിയുടെയോ, അല്ലെങ്കിൽ ആന്തരിക അഭിലാഷത്തിന്റെയോ അടിസ്ഥാനത്തിലുള്ളതല്ല ക്രിസ്ത്യാനിയുടെ മരണാനന്തര ജീവിതത്തിന്റെ ഉറപ്പ്. അത് സത്യങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ്.

ദൈവമാണ് പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവ്

ദൈവം ഇല്ലെങ്കിൽ, പിന്നെ മരണശേഷം “ജീവിപ്പിക്കുന്ന ശക്തി ഒരിടത്തുമില്ല.” നമ്മുടെ സർവ്വശക്തനായ ദൈവം നിലനിൽക്കുന്നതുകൊണ്ട് നാം മരിച്ചാലും നമുക്ക് അവൻ ജീവൻ നൽകുന്നു (അ.പ്ര. 26:8).

**യേശു ദൈവപുത്രനായ മശിഹാ ആകുന്നു.**

യേശു വഴിയും സത്യവും ജീവനും ആകുന്നു (യോഹ. 14:6). അവൻ സത്യം മാത്രം സംസാരിച്ചതുകൊണ്ട്, മരണാനന്തരജീവിതത്തെക്കുറിച്ചും അവൻ പറഞ്ഞത് സത്യമാകുന്നു (യോഹ. 18:37); അവന്റെ ഉപദേശത്തിൽ നാം സത്യം കാണുന്നു; അവന്റെ ശക്തിയിൽ നാം ഉറപ്പുകാണുന്നു(യോഹ. 11:25,26); അവന്റെ ഉയിർപ്പിൽ നമുക്ക് പ്രത്യാശയുണ്ട് (1 കൊരി. 15:20–22); അവന്റെ ജീവനിൽ നമുക്ക് ജീവനുണ്ട് (യോഹ. 14:19).

വി. ബൈബിൾ ദൈവത്തിന്റെ വചനം ആകുന്നു.

ബൈബിൾ എഴുതിയവരോടുകൂടെ ദൈവത്തിന്റെ കരം ഉണ്ടായിരുന്നു എന്ന് തെളിവുകൾ വ്യക്തമാക്കുന്നു (2 തിമൊ. 3:16), അതുകൊണ്ട് മരണാനന്തര ജീവിതത്തെകുറിച്ച് അതിലുള്ള ഓരോ പ്രസ്താവനയും സത്യമാകുന്നു.

## പുതിയനിയമ എഴുത്തുകാരുടെ സാക്ഷ്യം സത്യമാകുന്നു.

അവരെല്ലാവരും ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന ക്രിസ്തുവിനെ കണ്ടവരാകുന്നു. അവരിൽ മിക്കപേരും തങ്ങളുടെ സാക്ഷ്യം രക്തത്തോടുകൂടിയാണ് ഉറപ്പിച്ചത്; കാരണം അവർ മരണഭീഷണി നേരിട്ടപ്പോൾ, ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ് സാക്ഷ്യത്തിനായി തങ്ങളെത്തന്നെ നല്കി (അ.പ്ര. 5:29–31).

ദൈവം ഉണ്ട് എന്ന നമ്മുടെ വിശ്വാസം, തെളിവുകളുടെ അടിസ്ഥാനത്തിനുള്ളതാണ്, ബൈബിൾ അവന്റെ വചനവുമാണ്. മരണം നമ്മുടെ ശരീരത്തെ കവർന്നാലും, നാം വീണ്ടും ജീവിക്കുമെന്ന വിശ്വാസവും ഉറപ്പും അത് നൽകുന്നു.

മരണാനന്തര ജീവിതത്തിനുള്ള നമ്മുടെ ഹൃദയാഭിലാഷങ്ങൾക്ക് ഉറപ്പ് നൽകുന്നതാണ് ദൈവിക വെളിപ്പാട്. മരണശേഷം നാം ജീവിക്കുമെന്ന് പരീക്ഷണത്തിലൂടെ നമുക്ക് കാണിക്കുവാൻ സാധ്യമല്ല. മരിച്ചശേഷം ആരും വന്ന് മരണശേഷമുള്ള അവസ്ഥയെ കുറിച്ച് നമ്മോട് പറഞ്ഞിട്ടില്ല. മരണശേഷം നാം വീണ്ടും ജീവിക്കുമെന്ന നമ്മുടെ ഉറപ്പ് യേശുവിന്റെ ഉയിർപ്പിനാലും, യേശുക്രിസ്തു മൂലം ലഭിച്ച വെളിപ്പാടിനാലുമാണ്. നാം മരണത്തിലൂടെ കടന്നുപോകുമ്പോൾ നമുക്ക് അറിയാം അതോടെ അവസാനിക്കുകയല്ല, മറിച്ച് ജീവിക്കുകയാണ് എന്ന്. (തുടരും)

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# ബാലവേദി

## ഇഫക്ട്-അഫക്ട്


സയൻസ് ക്ലാസ്സിൽ പലതരം ഇഫക്ടുകളെക്കുറിച്ച് കൂട്ടുകാർ പഠിക്കുന്നുണ്ടാകുമല്ലോ? അന്തരീക്ഷ വായുവിനെ ദ്രാവകരൂപത്തിലാക്കുന്ന ജൂൾ-കെൽവിൻ ഇഫക്ട്, നക്ഷത്രഗോളങ്ങൾ അകലെയാണെന്ന് തോന്നിപ്പിക്കുന്ന ഡോപ്ലർ ഇഫക്ട്, പ്രകാശത്തിലെ വർണങ്ങളുടെ വ്യതിയാനങ്ങൾ വ്യക്തമാക്കുന്ന രാമൻ ഇഫക്ട് എന്നിങ്ങനെ ഇഫക്ടുകൾ പലതുണ്ട്.




ഇഫക്ടീവ്, ഇഫക്ചൽ എന്നിങ്ങനെ രണ്ടു നാമവിശേഷണങ്ങളുള്ള പദമാണ് ഇഫക്ട്. രണ്ടിന്റേയും അർഥം ഫലപ്രദമായ, പര്യാപ്തമായ എന്നൊക്കെയാണ്. ഇഫക്ട് എന്നാൽ 'ഫലം' എന്നാണർത്ഥം. നമ്മുടെ മനസ്സിൽ തോന്നിക്കാറുള്ള അഭിപ്രായങ്ങൾക്കും ഇഫക്ട് എന്നു പറയാറുണ്ട്.

ഇനി കൂട്ടുകാർ കേട്ടിരിക്കാനിടയില്ലാത്ത രണ്ടു ഇഫക്ടുകളെക്കുറിച്ച് കേട്ടോളൂ...

### ബ്ലണ്ടർ ഇഫക്ട്!




ഇല്ലാത്ത കഴിവുകൾ ഉണ്ടെന്നു വെടിപറഞ്ഞ് ആൾക്കാരെ പറ്റിക്കുന്ന ചില വിരുതന്മാരെ കണ്ടിട്ടില്ലേ? ഇല്ലാക്കാര്യങ്ങൾ പറഞ്ഞ് തട്ടിപ്പു നടത്തുന്നതിനെ ഇംഗ്ലീഷിൽ 'ഗെല്ലർ ഇഫക്ട്' എന്നാണ് പറയുക. മനഃശക്തികൊണ്ട് കമ്പിയും സ്പൂണുമൊക്കെ വളയ്ക്കാമെന്നും ഓടിക്കൊണ്ടിരിക്കുന്ന ട്രെയിൻ പിടിച്ചുനിർത്താമെന്നും വീരസ്യം പറഞ്ഞിരുന്ന യൂറിഗെല്ലർ എന്നയാളുടെ പേരിൽ നിന്നാണ് ഗെല്ലർ ഇഫക്ട് എന്ന പേര് ഉണ്ടായത്.


ഇനി effect ഉം affect ഉം തമ്മിലുള്ള വ്യത്യാസംകൂടി കേട്ടോളൂ. ഇഫക്ട് എന്നാൽ ഫലം എന്നും അഫക്ട് എന്നാൽ 'ബാധിക്കുക' എന്നുമാണ് അർഥം!

## ഫ്രിഡ്ജ് വേണ്ട




സ്വയം തണുക്കുന്ന ശീതളപാനീയം എത്തിയിരിക്കുന്നു! കാലിഫോർണിയയിലെ ഒരു കമ്പനിയാണ് 'വെസ്റ്റ് കോസ്റ്റ് ചിൽ' എന്ന പാനീയം വിപണിയിൽ ഇറക്കിയിരിക്കുന്നത്. ഇതിന്റെ ബോട്ടിലിലെ ഒരു ബട്ടണിൽ അമർത്തിയാൽ നിമിഷങ്ങൾക്കകം ബോട്ടിൽ സ്വയം തണുക്കും! ഫ്രിഡ്ജിൽ നിന്നെടുത്തതുപോലെ പാനീയം റെഡി! വെസ്റ്റ് കോസ്റ്റ് ചില്ലിന്റെ സ്വാദിനെപ്പറ്റി അത്ര വലിയ അഭിപ്രായമൊന്നുമില്ലെങ്കിലും ഈ 'തണുപ്പൻ' വിദ്യ മറ്റു പാനീയങ്ങളും കൈക്കലാക്കിയാൽ സംഗതി കേമമായില്ലേ?

## ഐൻസ്റ്റീൻ @ ഓൺലൈൻ!



ആൽബർട്ട് ഐൻസ്റ്റീന്റെ പഠനക്കുറിപ്പുകൾ ഇനി ആർക്കും വായിക്കാം. ജെറുസലേമിലെ ഹീബ്രു യൂണിവേഴ്സിറ്റിയാണ് ഇവ പൂർണ്ണമായും ഓൺലൈനായി ലഭ്യമാക്കിയിരിക്കുന്നത്. 80,000 കുറിപ്പുകളാണിതിലുള്ളത്. ആപേക്ഷികതാ സിദ്ധാന്തത്തെക്കുറിച്ചുള്ള നോട്ടുകൾ മുതൽ രോഗിയായ അമ്മയ്ക്കയച്ച കത്തുകൾ വരെ ഇതിലുണ്ട്.

## ഖരമല്ല, ദ്രാവകമല്ല, വാതകവുമല്ല

നമുക്കു ചുറ്റുമുള്ള വസ്തുക്കളുടെ മൂന്ന് അവസ്ഥകളാണ് ഖരം, ദ്രാവകം, വാതകം. ആറ്റങ്ങൾ അഥവാ കണങ്ങൾകൊണ്ട് നിർമിക്കപ്പെട്ടിട്ടുള്ള വസ്തുക്കളെയാണ് ഇങ്ങനെ തരംതിരിച്ചിരിക്കുന്നത്.

എന്നാൽ തീ ഈ മൂന്ന് അവസ്ഥകളിലുമല്ല. ആറ്റങ്ങൾകൊണ്ട് നിർമിക്കപ്പെട്ടിട്ടുള്ള ഒരു വസ്തുവുമല്ല തീ. അതൊരു പ്രവർത്തനമാണ്. ചില വസ്തുക്കൾക്ക് ഊർജ്ജമാറ്റം സംഭവിക്കുമ്പോഴാണ് തീ ഉണ്ടാകാറുള്ളത്.



അതായത് ഊർജം കൂടുതലായുള്ള ഒരു വസ്തുവിന് രാസമാറ്റം സംഭവിച്ച് ഊർജം കുറഞ്ഞ വസ്തുവായി മാറുമ്പോൾ പുറത്തേക്ക് തള്ളപ്പെടുന്ന ഊർജമാണ് തീയും ചൂടും. ഉദാഹരണത്തിന് വിറക് കത്തുമ്പോൾ, അന്തരീക്ഷത്തിലെ ഓക്സിജനും വിറകും തമ്മിലുള്ള പ്രവർത്തനമാണ് നടക്കുന്നത്. അതിന്റെ ഫലമായി കാർബൺ ഡൈഓക്സൈഡും നീരാവിയും ഉണ്ടാകുന്നു.

വിറക് ഖരവും ഓക്സിജൻ വാതകവുമാണെങ്കിലും തീ ഇതിലൊന്നും പെടുന്ന ഒന്നല്ല. അതായത് തീ ഉണ്ടാകാൻ കാരണമാകുന്ന വസ്തുക്കൾ ഖരമോ ദ്രാവകമോ വാതകമോ ആയിരിക്കും. പക്ഷേ, ഈ മൂന്നവസ്ഥകളുമല്ല തീയ്ക്കുള്ളത്.

## കലണ്ടർ മണ്ടന്മാർ




നമ്മൾ ഇപ്പോൾ ഉപയോഗിക്കുന്ന കലണ്ടറിന്റെ പേര് 'ഗ്രിഗോറിയൻ' കലണ്ടർ എന്നാണെന്നറിയാമല്ലോ. 1700-ൽ നിലവിൽ വന്ന ഈ കലണ്ടറിൽ പുതുവർഷപ്പിറവി ജനുവരി 1-നാണ്. പക്ഷേ ഇതിനുമുമ്പ് നിലവിലിരുന്ന 'ജൂലിയൻ' കലണ്ടറിൽ പുതുവർഷം തുടങ്ങുന്നത് ഏപ്രിൽ 1-നായിരുന്നു. ആരംഭം എന്നർഥമുള്ള 'എപ്പിറിയോ' എന്ന ലാറ്റിൻ വാക്ക് പിന്നീട് 'Aprilis' ആവുകയും അത് അവസാനം 'ഏപ്രിൽ' എന്ന പേരിൽ പണ്ടത്തെ കലണ്ടറിലെ ആദ്യമാസത്തിന്റെ പേരായി മാറുകയും ചെയ്തു.

ജൂലിയൻ കലണ്ടറിനെ ഇഷ്ടപ്പെട്ടിരുന്നവർ പുതിയ കലണ്ടർ നിലവിൽ വന്നപ്പോഴും ഏപ്രിൽ-1 തന്നെ പുതുവർഷമായി ആഘോഷിച്ചു! യാഥാസ്ഥിതികരായ അക്കൂട്ടരെ ഗ്രിഗോറിയൻ കലണ്ടറുകാർ 'വിഡ്ഢികൾ' എന്നു വിളിച്ചു കളിയാക്കി. അവർ പുതുവർഷപ്പിറവി ആഘോഷിച്ചിരുന്ന ഏപ്രിൽ 1-നെ 'വിഡ്ഢിദിനം' എന്നും വിളിച്ചു തുടങ്ങി. അങ്ങനെയാണ് 'ഏപ്രിൽ ഫൂളി'ന്റെ വരവ്.

## രാജാവിന്റെ ഹോബി

പ്രജകളുടെ ക്ഷേമവും മറ്റും നേരിട്ടറിയാൻ രാത്രികാലങ്ങളിൽ വേഷം മാറി സഞ്ചരിക്കുന്ന രാജാക്കന്മാരെപ്പറ്റി കേട്ടിട്ടില്ലേ? എന്നാൽ പ്രജകളുടെ ക്ഷേമമന്വേഷിക്കാൻ മാത്രമായിരുന്നില്ല, മുൻപ് ശീലിച്ച തൊഴിലുകളും ശീലങ്ങളും വേഷംമാറി വീണ്ടും ചെയ്യാൻ താല്പര്യം കാട്ടിയ രാജാക്കന്മാരും ചരിത്രത്തിലുണ്ട്. ഇതാ അത്തരം ഒരു രാജാവിനെക്കുറിച്ചു കേട്ടോളൂ.



ഇറ്റലിയിലെ രാജാവായിരുന്ന ഫെർഡിനന്റ് ഒന്നാമന് (1751-1825) മീൻപിടിത്തം വലിയ ഹോബിയും ഹരവുമായായിരുന്നു. നായാട്ടുപോലെ മീൻപിടിത്തവും കുതിരപ്പന്തയവുമൊക്കെ രാജാക്കന്മാർക്ക് തരക്കേടില്ലാത്ത വിനോദങ്ങൾ തന്നെ. എന്നാൽ, ഫെർഡിനന്റിന്റെ ഹരം ഇതുകൊണ്ടൊന്നും തീർന്നിരുന്നില്ല. താൻ പിടിച്ച മീൻ, വേഷം മാറി തലയിൽ ചുമന്ന് അങ്ങാടിയിൽ കൊണ്ടുപോയി വിൽപനയും നടത്തിയിരുന്നു രാജാവ്! നോക്കണേ, എന്തൊരു ഹോബി!

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽപരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക

# നിങ്ങളുടെ വിധിയെന്ത്?



യേശുവിനെ യെഹൂദന്മാരും റോമാക്കാരും വിചാരണ ചെയ്തതെന്തിനാണെന്ന് അവലോകനം ചെയ്യുക. അവൻ ദൈവപുത്രനാണെന്ന് സമ്മതിച്ചപ്പോൾ, യെഹൂദന്മാർ അവനിൽ ദൈവദൂഷണ കുറ്റം ചുമത്തി (മത്തായി 26:63-66). യേശുവിന്റെ ദൈവികത്വം സ്വീകരിക്കുവാൻ മനസില്ലാത്തതുകൊണ്ട് അവർ അവനിൽ "കുറ്റം ചുമത്തി." അവൻ രാജാവാണെന്ന് അവകാശപ്പെട്ടു എന്നതായിരുന്നു അവർ പീലാത്തോസിനോട് ആരോപിച്ച കുറ്റം (ലൂക്കോസ് 23:2), അവൻ നിഷേധിക്കാതിരുന്ന ആരോപണമായിരുന്നു അത് (മത്തായി 27:11). അവൻ തന്നെത്താൻ യെഹൂദന്മാരുടെ രാജാവാണെന്ന് പറഞ്ഞതായ "കുറ്റത്തിന്" അവനെ അവർ കുരിശിൽ തറപ്പിച്ചു കൊന്നു (യോഹന്നാൻ 19:19-22 നോക്കുക). അവൻ അവകാശപ്പെട്ട ദൈവികത്വം അവന്റെ ശത്രുക്കൾ നിഷേധിച്ചു; അവരുടെ ദൃഷ്ടിയിൽ അവൻ മരണയോഗ്യനായ കലഹക്കാരൻ ആയിരുന്നു.

അതെല്ലാം മനസിൽ വെച്ചുകൊണ്ട്, ഞാൻ നിങ്ങളോട് ചോദിക്കട്ടെ, "നിങ്ങളുടെ വിധി എന്ത്?" അവൻ ദൈവപുത്രനാണെന്ന് അവകാശപ്പെട്ടപ്പോൾ, യേശു ദൈവദൂഷണം പറഞ്ഞു എന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ - അല്ലെങ്കിൽ അവൻ ദൈവത്തിന്റെ പുത്രനാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? അവൻ രാഷ്ട്രീയ കലഹമുണ്ടാക്കി രാജ്യദ്രോഹം ചെയ്തു എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ - അല്ലെങ്കിൽ നിങ്ങൾ അവനെ "രാജാധിരാജാവും കർത്താധികർത്താവും ആയി സ്വീകരിക്കുമോ" (വെളിപ്പാട് 19:16)? എന്തുതന്നെ ആയാലും, നിങ്ങളുടെ ഇഷ്ട മാറ്റി അവന്റെ ഇഷ്ടക്ക് കീഴ്പ്പെട്ട്, അവന്റെ പ്രജ ആകുവാൻ നിങ്ങൾ തയ്യാറാണോ? (ലൂക്കോസ് 6:46).

യേശുവിനെ റോമൻ കുരിശിലേറ്റിയത് അവന്റെ ജീവിതത്തിലെ പാപം നിമിത്തമായിരുന്നില്ല, മറ്റുള്ളവരുടെ പാപം നിമിത്തമായിരുന്നു. അസൂയയും, അജ്ഞതയും, വിട്ടുവീഴ്ചയും നീതിയെ ചവിട്ടി മെതിച്ചുകളഞ്ഞു (മത്തായി 27:18; അപ്പോസ്തലപ്രവൃത്തികൾ 3:17; മർക്കൊസ് 15:15 നോക്കുക). ചില ആളുകൾ അവനെ കുറിച്ച് മറ്റുള്ളവർ പറഞ്ഞതിനനുസരിച്ച് മുൻവിധിയുള്ളവരാകുന്നു. വേറെ ചിലർ യേശുവിനെ കുറിച്ച് തിരുവെഴുത്ത് പഠിപ്പിക്കുന്നതിൽ അജ്ഞതയുള്ളവരാകുന്നു. പീലാത്തോസിനെപ്പോലെ അനവധി പേർ അവന്നുവേണ്ടി ഒരു നിലപാട് എടുക്കാൻ കഴിയാത്തവരാണ്, അവർ "സമൂഹത്തെ തൃപ്തിപ്പെടുത്തുവാൻ" ആഗ്രഹിക്കുന്നു (മർക്കൊസ് 15:15).

"യേശുവിനെ ഞാൻ എന്തുചെയ്യും?" എന്ന ചോദ്യത്തിന് പല ഉത്തരങ്ങൾ.

യൂദാ: "ഞാൻ അവനെ വിൽക്കും."

പത്രോസ് : "ഞാൻ അവനെ തള്ളിപ്പറയും."

ന്യായാധിപസഭ: "ഞങ്ങൾ അവനെ പരിത്യജിക്കും."

ഹെരോദാവ്: "ഞാൻ വെറുതെ ആകാംഷയുള്ളവനായിരിക്കും."

പുരുഷാരം: "ഞങ്ങൾ അവനെ ക്രൂശിക്കും."

പീലാത്തൊസ്: "ഞാൻ നിഷ്പക്ഷനായിരിക്കും."

അവർ എന്തുകൊണ്ടാണ് അങ്ങനെ പ്രതികരിച്ചത്? യൂദാ പിശാചിനോട് പറ്റിച്ചേർന്നു (ലൂക്കോസ് 22:3; യോഹന്നാൻ 13:27 നോക്കുക). പത്രൊസ് ഭയത്തിനു കീഴ്പ്പെട്ടു. ന്യായാധിപസഭ അസൂയയ്ക്കും ദുരഭിമാനത്തിനും കീഴ്പ്പെട്ടു (മർക്കോസ് 15:10). ഹെരോദാവ് മതരഹിതമനോഭാവത്തിന് കീഴ്പ്പെട്ടു. പുരുഷാരം പ്രമാണിമാരുടെ തുടർച്ചയായ സമ്മർദ്ദത്തിന് കീഴ്പ്പെട്ടു. പീലാത്തൊസ് പുരുഷാരത്തോട് ചേർന്നു (മർക്കോസ് 15:15). നിർഭാഗ്യവശാൽ, അവരാരും ദൈവത്തോട് പറ്റിച്ചേർന്നില്ല (റോമർ 6:13).

"യേശുവിനെ ഞാൻ എന്തു ചെയ്യും?" എന്ന ചോദ്യത്തിന് നിങ്ങൾ എന്ത് ഉത്തരം നൽകും? നിങ്ങൾ രക്ഷിക്കപ്പെടുന്നതും നിങ്ങളുടെ ജീവിതം അനുഗ്രഹിക്കപ്പെടുന്നതുമായ ഉത്തരം ഏതാണ്? അതിനുള്ള ശരിയായ ഉത്തരം, പെന്തക്കോസ്തുനാളിൽ മൂവായിരം പേർ നൽകി, "ഞങ്ങൾ അവനെ സ്വീകരിക്കയും - അനുസരിക്കുകയും ചെയ്യും!" (അപ്പോസ്തലപ്രവൃത്തികൾ 2:37,38,41).

"യേശുവിനെ ഞാൻ എന്തു ചെയ്യും?"എന്ന ചോദ്യത്തിന് ഉത്തരം നൽകുവാൻ സമയമായി. നിങ്ങൾ കർത്താവിനോട് പറ്റിച്ചേർന്നു, നിങ്ങളുടെ ഉത്തരം പെന്തെക്കോസ്തുനാളിലെ ആ യെഹൂദന്മാരുടേതായി തീരുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. ദൈവപുത്രനായി അവനെ സ്വീകരിക്കുകയും- അവന്റെ ഇഷ്ടം ചെയ്യുകയും വേണം.

യേശു തങ്ങളുടെ മുൻപിൽ വിചാരണക്കായി നിന്നപ്പോൾ പീലാത്തോസും യെഹൂദന്മാരും മനസിലാക്കാതിരുന്ന കാര്യം അവർ യേശുവിന്റെ മുൻപിൽ വിചാരണക്കായി നില്ക്കുകയായിരുന്നു എന്നതാണ്. അവർ യേശുവിനെ മരണശിക്ഷയ്ക്ക് വിധിച്ചപ്പോൾ തങ്ങളെത്തന്നെ അവർ വിധിക്കുകയായിരുന്നു. ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ പീലാത്തോസിന് തന്റെ സ്ഥാനം നഷ്ടമാകയും ആത്മഹത്യ ചെയ്യുകയുമുണ്ടായി. ഏതാനും ദശാബ്ദങ്ങൾ കഴിഞ്ഞപ്പോൾ, യെരുശലേം തന്നെ നശിപ്പിക്കപ്പെട്ടു. യേശുവിനെകുറിച്ച് ഇന്ന് നിങ്ങൾ എടുക്കുന്ന തീരുമാനം നിങ്ങൾ നിത്യത എവിടെ ചെലവഴിക്കുമെന്നതിനെ ബാധിക്കും (മത്തായി 10:32,33:2; 2 തിമൊഥെയൊസ് 2:12). നിങ്ങളുടെ പാപങ്ങളിൽനിന്ന് മാനസാന്തരപ്പെടണമെന്നുണ്ടെങ്കിൽ, അവനിലുള്ള നിങ്ങളുടെ വിശ്വാസം ഏറ്റു പറയണമെന്നുണ്ടെങ്കിൽ, അവന്റെ ഇഷ്ടം അനുസരിക്കണമെന്നുണ്ടെങ്കിൽ (ലൂക്കോസ് 13:3; മത്തായി 10:32; മർക്കോസ് 16:15-16). ഇന്നു തന്നെ ചെയ്യുക!

# അധികാരം സേവനത്തിന്



ഒരു യുദ്ധമേഖലയിൽ കുറെ പടയാളികൾ കിടങ്ങുകൾ കുഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. ശരിയായ ആഹാരത്തിന്റെ അഭാവവും വിശ്രമത്തിന്റെ പോരായ്മയും അവരെ ക്ഷീണിതരാക്കിയിരുന്നു. തന്മൂലം അവരുടെ ജോലി മന്ദഗതിയിലാണ് നീങ്ങിക്കൊണ്ടിരുന്നത്. എന്നാൽ, അവരുടെ ചുമതല വഹിച്ചിരുന്ന ഓഫീസർക്കു അവരോട് അല്പം പോലും ദയ തോന്നിയില്ല. അയാൾ അവരെ ശാസിക്കുകയും ഭീഷണിപ്പെടുത്തുകയുംചെയ്തു. ജോലി അതിവേഗം തീർക്കുന്നില്ലെങ്കിൽ അവരെ ശിക്ഷിക്കുമെന്നായിരുന്നു അയാളുടെ പ്രഖ്യാപനം.

ഈ സമയം സാധാരണക്കാരനെ പോലെ വസ്ത്രം ധരിച്ച ഒരാൾ ആ വഴി കുതിരപ്പുറത്തുവന്നു. പടയാളികളെ സഹായിക്കാതെ അവരെ ശാസിച്ചുകൊണ്ടു നിന്നിരുന്ന ഓഫീസറെ നോക്കിക്കൊണ്ട് അപരിചിതൻ ചോദിച്ചു: "പടയാളികളുടെ ജോലിയിൽ എന്തുകൊണ്ടാണ് നിങ്ങൾ അവരെ സഹായിക്കാത്തത്?" അപ്പോൾ ഓഫീസർ പറഞ്ഞു: "എനിക്കാണ് ഇവരുടെ ചുമതല. ഞാൻ പറയുന്നത് പോലെ ഇവർ ജോലി ചെയ്യണം. ഇവരെക്കുറിച്ച് അത്ര സഹതാപം തോന്നുന്നുണ്ടെങ്കിൽ താങ്കൾക്ക് അവരെ സഹായിക്കാം."

ഈ മറുപടി കേട്ട ഉടനെ അപരിചിതൻ കുതിരപ്പുറത്തു നിന്നിറങ്ങി പടയാളികളെ അവരുടെ ജോലിയിൽ സഹായിച്ചു. ജോലിക്കിടയിൽ അദ്ദേഹം ഒന്നും സംസാരിച്ചില്ല. ജോലി കഴിഞ്ഞ ഉടനെ അദ്ദേഹം പടയാളികളെ ഓരോരുത്തരായി അഭിവാദ്യം ചെയ്തു അവരെ അഭിനന്ദിച്ചു. ഇതെല്ലാം കണ്ട് ഓഫീസർ പകച്ചു നിൽക്കുമ്പോൾ അപരിചിതൻ അയാളെ സമീപിച്ചു പറഞ്ഞു: "നിങ്ങളുടെ കീഴിലുള്ളവരെ സഹായിക്കുന്നതിനു ഓഫീസർ എന്ന നിങ്ങളുടെ റാങ്ക് നിങ്ങൾക്കു തടസമായി നിന്നാൽ നിങ്ങളുടെ കമാൻഡർ ഇൻ ചീഫിനെ വിവരം അറിയിക്കണം. അപ്പോൾ സ്ഥായിയായ ഒരു പരിഹാരം ഞാൻ നിങ്ങൾക്കു നിർദേശിക്കാം."

അപരിചിതന്റെ ഈ വാക്കുകൾ കേട്ടപ്പോൾ ആ ഓഫീസറുടെ കണ്ണുകൾ തുറന്നു. അന്ന് അമേരിക്കൻ കോളനികളുടെ സേനാനായകനും പിൽക്കാലത്ത് അമേരിക്കൻ പ്രസിഡന്റുമായിത്തീർന്ന ജോർജ് വാഷിംഗ്ടൺ (1732-1799) ആയിരുന്നു അത്. വാഷിംഗ്ടൺ ആണ് തന്റെ പടയാളികളെ സഹായിച്ചതു എന്നറിഞ്ഞപ്പോൾ ആ ഓഫീസർക്കുണ്ടായ അങ്കലാപ്പ് എത്ര അധികമാണെന്നു ഊഹിച്ചുനോക്കിയാൽ മാത്രം മതിയല്ലൊ.

അമേരിക്കയുടെ രാഷ്ട്രപിതാവായ വാഷിംഗ്ടണെക്കുറിച്ചുള്ള ഈ കഥ എത്രമാത്രം വാസ്തവമുള്ളതാണ് എന്നറിയില്ല. എങ്കിലും ഈ കഥ നൽകുന്ന സന്ദേശം നാം വിസ്മരിക്കേണ്ടതില്ല. അധികാരം സേവനത്തിനുള്ളതാണ് എന്നു നമുക്കറിയാം. എന്നാൽ മറ്റുള്ളവർക്കു സേവനം ചെയ്യുവാനുള്ള അസുലഭമായ അവസരമാണ് അധികാരം നൽകുന്നത് എന്നു മനസിലാക്കുന്നവർ അധികമുണ്ടോ നമ്മുടെയിടയിൽ? കുടുംബത്തിലായാലും സമൂഹത്തിലായാലും രാഷ്ട്രത്തിലായാലും വിവിധ അധികാരസ്ഥാനങ്ങളിലിരിക്കുന്നവരുടെയൊക്കെ പരമപ്രധാനമായ ചുമതല സേവനമാണ്. മറ്റുള്ളവരുടെ സേവനം സ്വീകരിക്കുക എന്നതിനെക്കാളേറെ അവർക്കു സേവനം ചെയ്യുക എന്നുള്ളതാണു അധികാരികളുടെ കടമ.

എന്നാൽ, സേവനത്തിന്റെ ഈ പാത വെടിഞ്ഞു മറ്റുള്ളവരെ അടിച്ചമർത്തുന്ന രീതികളല്ലേ വിവിധ രംഗങ്ങളിലുള്ള അധികാരികളിൽ നാം കാണുന്നത്? അധികാരം ലഭിച്ചിരിക്കുന്നതു മറ്റുള്ളവരെ തച്ചുടയ്ക്കുന്നതിനല്ല, പ്രത്യുത അവരെ വളർത്തുന്നതിനാണ് എന്ന അവബോധം ഇല്ലാതെ പോകുന്നതല്ലേ ഇതിനുള്ള കാരണം? മറ്റുള്ളവരുടെ വളർച്ചയെക്കാളേറെ സ്വന്തം വളർച്ചയായിരിക്കണം അധികാരത്തിലൂടെ ചിലരെങ്കിലും ലക്ഷ്യം വയ്ക്കുന്നത്. തന്മൂലമാണ് മറ്റുള്ളവരുടെ അവകാശങ്ങൾ നിഷേധിക്കുന്നതിനു അധികാരസ്ഥാനങ്ങളിലുള്ള ചിലരെങ്കിലും ശ്രമിക്കുന്നത്.

നമുക്കെല്ലാവർക്കും ഏതെങ്കിലും മേഖലയിൽ എന്തെങ്കിലും തരത്തിലുള്ള അധികാരം എപ്പോഴും ഉണ്ടായിരിക്കും. പക്ഷേ, അങ്ങനെ നമുക്ക് ലഭിച്ചിരിക്കുന്ന അധികാരം മറ്റുള്ളവരുടെ സേവനത്തിനായി നാം എത്രമാത്രം വിനിയോഗിക്കുന്നുണ്ട് എന്നതാണ് ഏറെ പ്രസക്തമായ കാര്യം. നമുക്ക് ലഭിച്ചിരിക്കുന്ന അധികാരം മറ്റുള്ളവർക്കു സേവനം ചെയ്യുവാനുള്ള അവസരമാണ് നൽകിയിരിക്കുന്നത് എന്ന ചിന്തയുണ്ടാവണം. അപ്പോൾ നമ്മുടെ അധികാരം വഴിയായി ധാരാളം പേർക്കു നന്മയുണ്ടാകും. എന്നാൽ, ഏതു അധികാരവും സ്വന്തം നേട്ടത്തിനുള്ളതാണ് എന്ന ചിന്തയാണ് നമ്മുടേതെങ്കിൽ നാം വഴിയായി മറ്റുള്ളവർക്കുണ്ടാകുന്നത് തിന്മയായിരിക്കും.

കുടുംബത്തിലായാലും സ്ഥാപനത്തിലായാലും സമൂഹത്തിലായാലും രാഷ്ട്രത്തിലായാലും ലഭിച്ചിരിക്കുന്ന അധികാരം മുഴുവനും മറ്റുള്ളവരുടെ സേവനത്തിനും അവരുടെ നന്മയ്ക്കുള്ളതാണ് എന്ന ചിന്ത നമ്മിൽ നിറഞ്ഞു നിൽക്കട്ടെ. അങ്ങനെയുള്ള ഒരു ചിന്തയാണ് നമ്മെ നയിക്കുന്നതെങ്കിൽ നാം ഏതു അധികാരസ്ഥാനത്തായാലും അതുവഴിയായി, ധാരാളം നന്മകൾ മറ്റുള്ളവരുടെ ജീവിതത്തിലെന്നപോലെ സ്വന്തം ജീവിതത്തിലുമുണ്ടാകുമെന്നു തീർച്ചയാണ്.

**ജെ.പി. ദീപിക**



# വേദാഭിമാനിയുടെ മറുപടി

**വഞ്ചിതരായ വിശ്വാസികൾ, തട്ടിപ്പുവീരന്മാർ, എന്നൊന്നും പറയരുത്. അത്ഭുതങ്ങളും അടയാളങ്ങളും ജനം കാണുകയും അനുഭവിക്കുകയും ചെയ്യുന്നതുകൊണ്ടാണ് വിശ്വസിക്കുന്നത്. കാണാനും കേൾക്കാനും ചിന്തിക്കാനും കഴിവുള്ള ഒരു മനുഷ്യനേയും ആർക്കും പറഞ്ഞു പറ്റിയ്ക്കാനാവില്ല. അപവാദപ്രചരണം ഇനിയെങ്കിലും അവസാനിപ്പിക്കുക.?** ***–സാബു കുരുവിള, തുവയൂർ, കടമ്പനാട്, അടൂർ, പത്തനംതിട്ട***

യേശുക്രിസ്തു ഇന്നലേയും ഇന്നും എന്നേക്കും അനന്യൻ തന്നെ. മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു അന്നും ഇന്നും രോഗികളെ സൗഖ്യമാക്കുന്നു. അവൻ അത്ഭുതങ്ങളുടെ ദൈവമാണ്. മനുഷ്യരെപ്പോലെ മുട്ടുശാന്തി നല്കുന്ന ദൈവമല്ല.

ദൈവിക സൗഖ്യം ജീവിതത്തിൽ അനുഭവിച്ച ഒരുവനാണ് ഞാൻ. മരുന്നുകൾ മാറി മാറി കഴിച്ച് ഫലം കാണാതെ വാവിട്ടു നിലവിളിച്ചുപോയ അനേക സന്ദർഭങ്ങളിൽ എന്റെ യേശു എന്നെ സൗഖ്യമാക്കിയിട്ടുണ്ട്. വ്യക്തിപരമായ എന്റെ പ്രാർത്ഥനയിലൂടെ അനേകർക്കു വിടുതൽ കിട്ടിയിട്ടുണ്ട്. പക്ഷേ ഞാനൊരു രോഗശാന്തി ശുശ്രൂഷകനല്ല. ഞാൻ പറഞ്ഞ അനേക കാര്യങ്ങൾ നിറവേറിയിട്ടുണ്ട്. പക്ഷെ ഞാനൊരു പ്രവാചകനല്ല. എന്റെ പ്രാർത്ഥനയുടെ ശക്തികൊണ്ടോ, വിശുദ്ധികൊണ്ടോ അല്ല ദൈവം പ്രവർത്തിച്ചത്. പ്രവചനമായാലും, രോഗസൗഖ്യമായാലും അതൊക്കെ ദൈവനിശ്ചയം, ദൈവനീതി എന്നേ പറയാൻ സാധിക്കൂ. ഇതൊന്നും വില്പന ചരക്കുകളല്ല. പരസ്യം കൊടുത്ത് ആളെകൂട്ടി പൊതുജനമധ്യത്തിൽ പ്രദർശിപ്പിക്കേണ്ട ഒരു കലാപ്രകടനമല്ല. ഇതൊക്കെയും ദൈവത്തിന്റെ ദാനമാണ്. വിശക്കുന്ന ഒരുവനോട് സുവിശേഷം പങ്കിട്ട് നാം അവന്റെ വിശപ്പടങ്ങുവാൻ ആഹാരം നൽകുന്നതുപോലെ സുവിശേഷഘോഷണത്തിൽ, ദൈവിക ശുശ്രൂഷയിൽ സമാന്തരമായി സംഭവിക്കേണ്ട ചില യാഥാർത്ഥ്യങ്ങളാണ് പ്രവചനവും രോഗശാന്തിയുമൊക്കെ. എന്നാൽ ഇന്ന് പ്രവചനത്തിന്റെയും രോഗശാന്തിയുടെയും പേരിൽ നടക്കുന്നതെന്താണ്. ശുദ്ധ തട്ടിപ്പ്. ആർക്കെങ്കിലും എന്തെങ്കിലും ഒരു സൗഖ്യമുണ്ടായാൽ അത് കൊട്ടിഘോഷിച്ച് വലിയ പരസ്യം നൽകി അതുവച്ച് മുതലെടുപ്പു നടത്തുന്നു. ആളുകളെ കൂട്ടിവരുത്തി വശീകരിച്ച് അന്ധരാക്കി സാധുക്കളുടെ പണവും ഹൃദയവും കവർച്ച ചെയ്യുന്നു. രോഗത്തിലും പ്രശ്നത്തിലുമിരിക്കുന്നവരെ വച്ച് വിലപേശുന്നു. രോഗശാന്തി ശുശ്രൂഷകന്മാരായി വിലസുന്ന ചെറ്റകുടിലിൽ കിടന്ന അല്പദാസന്മാർ പോലും മുതലെടുപ്പ് നടത്തി മുതലാളിമാരാകുന്നു. ഈ പ്രാർത്ഥനാ വീരന്മാർ, രോഗശാന്തിവീരന്മാർ തങ്ങൾക്കൊരു അസുഖം വന്നാൽ പഞ്ചനക്ഷത്ര ആതുരാലയങ്ങളിൽ അഭയം പ്രാപിക്കുന്നു. അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ച യേശുവോ ശിഷ്യന്മാരോ ആരും അതുകൊണ്ട് കാശുണ്ടാക്കിയതായോ വീടും സ്ഥലവും എങ്ങും വാങ്ങിയതായോ കാണുന്നില്ല. ഇവർക്കാർക്കും യാതൊരു നിക്ഷേപവും ഭൂമിയിൽ ഉണ്ടായിരുന്നില്ല. ആരും ഉപജീവനത്തിനോ ആർഭാടത്തിനോ പ്രവചന രോഗശാന്തി ശുശ്രൂഷകളെ പ്രയോജനപ്പെടുത്തിയതായി വചനത്തിൽ തെളിവുമില്ല. എന്നാൽ ഇതുകൊണ്ട് പണവും പ്രശസ്തിയും ഉണ്ടാക്കാൻ ശ്രമിച്ചവരുടെ നാശത്തെക്കുറിച്ച് വചനത്തിൽ എത്രയും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന വസ്തുത ആരും വിസ്മരിക്കരുത്.

അന്ധന്മാരെക്കാൾ, മന്ദബുദ്ധികളെക്കാൾ കാഴ്ചയും കേൾവിയും ബുദ്ധിയുമുള്ളവരാണ് ഇവിടെ വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. വിശ്വാസികളുടെ ഇടയിൽ നിന്നുതന്നെ അനേക ഉദാഹരണങ്ങൾ ചൂണ്ടികാണിക്കാൻ പറ്റും. എങ്കിലും ബുദ്ധിയുണ്ടെന്നഭിമാനിക്കുന്ന മനുഷ്യർ കാണിക്കുന്ന മണ്ടത്തരങ്ങൾ, അബദ്ധങ്ങൾ രസകരമായ ചില സംഭവങ്ങളിലൂടെ ഞാൻ വ്യക്തമാക്കിത്തരാം.

'യു.എസ്.എ. ടുഡേ' എന്ന പത്രത്തിൽ വന്ന പരസ്യം കാണൂ. ബർഗർ കിങ് എന്ന 'ഫുഡ് പ്രൊഡക്ട്സ്' കമ്പനിയാണ് പരസ്യം കൊടുത്തത്.

അവരുടെ പ്രശസ്തമായ വൂപ്പർ സാൻഡ്വിച്ച് പുതിയ സ്റ്റൈലിൽ ഇറങ്ങുകയാണത്രെ! അമേരിക്കയിലെ 32 മില്യനിലേറെ വരുന്ന ഇടംകൈയന്മാർക്കായി പ്രത്യേകം ഡിസൈൻ ചെയ്തതാണ് ഈ പലഹാരം. സാൻഡ്വിച്ചിന് ഉപയോഗിച്ച വസ്തുക്കളെല്ലാം 180 ഡിഗ്രി ഇടത്തോട്ട് കറക്കി 'ഇടമ്മൻ' ആക്കിയാണത്രേ ഈ ഗംഭീര സാൻഡ്വിച്ച് ഉണ്ടാക്കുന്നത്!




പക്ഷേ, ചുമ്മാ ഒരു രസത്തിനു വേണ്ടി പരസ്യം കൊടുത്ത ബർഗർ കിങും 'യു.എസ്.എ. ടുഡേ' യും ഒന്നാകെ ഞെട്ടുന്നതാണ് പിന്നെ കണ്ടത്. പത്രത്തിൽ ഈ പൊട്ടപ്പരസ്യം വന്നതോടെ ആളുകളൊക്കെ കടകളിൽ ഇടമ്മൻ സാൻഡ്വിച്ചിനായി തള്ളിക്കയറി! എന്നു മാത്രമോ? വലംകൈയന്മാരൊക്കെ 'വലമ്മൻ' സാൻഡ്വിച്ച് തന്നെ തങ്ങൾക്ക് വേണമെന്ന് നിർബന്ധം പിടിക്കുകയും ചെയ്തു! ഒരു തമാശകൂടി. ഇടംകൈയന്മാർക്കും വലംകൈയന്മാർക്കുമൊക്കെ വേണ്ടി വെവ്വേറെ ഡിസൈൻ ചെയ്ത കപ്പുകൾ, പെന്നുകൾ, ബക്കറ്റുകൾ ഒക്കെ വിൽക്കുന്ന കടകൾ പല നാട്ടിലുമുണ്ട് എന്നത് സത്യമാണ്. ഇവിടെ ചെല്ലുന്നവർ വർഷം മുഴുവൻ വിഡ്ഢികളാവുകയാണ് എന്നത് അവർ അറിയുന്നതേയില്ല.

ആളുകളെ എങ്ങനെ വേണമെങ്കിലും പറ്റിക്കാം എന്നതിന് തെളിവായി ഇതാ മറ്റൊരു സംഭവം.

ജി. ക്ലിഫാർഡ് പ്രൗട്ട് എന്ന അമേരിക്കക്കാരൻ ഒരിക്കൽ ഒരു മഹത്തായ സംഘടനയുണ്ടാക്കി. ലോകത്തിലെ സകല നാൽക്കാലികളും തുണിയുടുക്കണം എന്നതായിരുന്നു സംഘടനയുടെ ആവശ്യം. The Society for Indecency to Naked Animals അഥവാ SINA എന്നായിരുന്നു സംഘടനയുടെ പേര്!




പതിനായിരക്കണക്കിന് ആളുകൾ സംഘടനയിൽ അംഗങ്ങളാവുകയും ധാരാളം പണം ഫണ്ടായി ലഭിക്കുകയും ചെയ്തു. പക്ഷേ, കുറേക്കാലം കഴിഞ്ഞ് സംഘടനയുടെ കള്ളി വെളിച്ചത്തായി. ബക്ക് ഹെന്റി എന്ന കൊമേഡിയനും സുഹൃത്തായ അലൻ ആബേലും ചേർന്നാണ് ആളുകളെ വിഡ്ഢികളാക്കാനായി ഈ സംഘടന രൂപവത്ക്കരിച്ചത്.

എത്രയോ കാലം ആളുകളെ വിഡ്ഢികളാക്കിയ ഈ സംഘടന പക്ഷേ, തങ്ങൾക്കു കിട്ടിയ പണമെല്ലാം തന്നവർക്കുതന്നെ തിരിച്ചു കൊടുക്കുകയാണ് ചെയ്തത്. ആളുകളെ എങ്ങനെ വേണമെങ്കിലും പറ്റിക്കാം എന്ന് കാണിച്ചു കൊടുക്കാൻ ഈ ഇല്ലാത്ത സംഘടനയ്ക്കായി.

മുകളിൽ ചൂണ്ടിക്കാണിച്ച സംഭവങ്ങളിലൂടെ ആർക്കും ആരെയും പറ്റിക്കാൻ സാധിക്കും എന്നു മനസിലായി കാണുമല്ലോ. ഇതൊക്കെയും നമ്മുടെ കാഴ്ചപ്പാടിന്റെ പ്രശ്നങ്ങളാണ്. ഒരു നീല ഗ്ലാസിലൂടെ നോക്കുമ്പോൾ എല്ലാം നീലമയമായിരിക്കും. ഗ്ലാസിന് പച്ചനിറമാണെങ്കിൽ കാണുന്നതെല്ലാം പച്ചയായിട്ടായിരിക്കും. നാം ഓരോരുത്തരിലും ഇത്തരത്തിലുള്ള ഒരു ഗ്ലാസുണ്ട്. കാണുന്നതും കേൾക്കുന്നതും വിലയിരുത്തുന്നതുമെല്ലാം ഈ ഗ്ലാസിന്റെ സ്വാധീനത്തിനുള്ളിൽ നിന്നുകൊണ്ടാണ്.

ചില വ്യക്തികളുടെ രൂപം ചിലർക്ക് പെട്ടന്ന് ഇഷ്ടമാകുന്നു. അല്ലെങ്കിൽ ചിലരുടെ സൗന്ദര്യമായിരിക്കാം ആകർഷണവസ്തുവായി മാറുന്നത്. അവരുടെ സ്വരം മനസ്സിൽ ആനന്ദം നിറയ്ക്കുന്നു. അവർ പറയുന്നതെന്തും അതേപടി വിശ്വസിക്കുന്നു. ആൾ ദൈവങ്ങളുടെയും ആത്മീയ നേതാക്കളുടെയും സ്വാധീനവലയത്തിൽ കിടന്ന് വിശ്വാസസമൂഹം വട്ടം കറങ്ങുന്നത് മാനസിക പ്രവണതകളുടെ അപചയം കൊണ്ടാണ്. എന്തിനാൽ ആകർഷിക്കപ്പെട്ടോ, അതിന്റെ ന്യൂനതകൾ ആരും വിലയിരുത്താറില്ല. തോന്നലുകളും വികാരങ്ങളും കേട്ടുകേൾവികളും കൂട്ടികലർത്തി നടത്തുന്ന വിലയിരുത്തലുകളാണ് അന്ധമായി ചിലരെ വിശ്വസിക്കാൻ പ്രേരിപ്പിക്കുന്ന ഘടകം. വസ്തുനിഷ്ടാപരമായ ചിന്തകളില്ല, കാര്യങ്ങളിലേക്ക് ഊർന്നിറങ്ങുന്നില്ല. ഇഷ്ടാനിഷ്ടങ്ങളും വിചാരങ്ങളും വികാരങ്ങളും ചിന്താമണ്ഡലത്തെ കീഴ്പ്പെടുത്തുന്നതുകൊണ്ടാണ് അന്ധവിശ്വാസത്തിന് അടിമകളാകുന്നത്. രോഗികൾ സൗഖ്യമാകുന്നത് കാണുന്നു. അവരുടെ സാക്ഷ്യം കേൾക്കുന്നു. ബൗദ്ധികമായി അത് സത്യമെന്ന് ഉറപ്പിക്കുന്നു. പിന്നീട് സൗഖ്യം ലഭിച്ച രോഗിക്ക് എന്തു സംഭവിച്ചു എന്ന് ആരും തിരക്കാറില്ല. അയാൾ മരിച്ചോ ജീവിച്ചിരുപ്പുണ്ടോ, ഇപ്പോൾ രോഗിയാണോ തുടങ്ങിയ കാര്യങ്ങളുടെ തുടരന്വേഷണം നടക്കുന്നുവെങ്കിൽ രോഗശാന്തി ശുശ്രൂഷകളുടെ പൊള്ളത്തരങ്ങളും തട്ടിപ്പും ഏവർക്കും ബോധ്യമാകുന്നതാണ്. (ഇതു സംബന്ധിച്ച് വേദാഭിമാനി നടത്തിയ അന്വേഷണത്തിൽ ലഭിച്ച ഞെട്ടിക്കുന്ന വിവരങ്ങൾ അടുത്ത ലക്കത്തിൽ) ഒരു അന്ധവിശ്വാസി താൻ മനസിലാക്കിയ കാര്യങ്ങൾക്ക് വിരുദ്ധമായത് എത്ര സത്യമാണെങ്കിൽകൂടി അത് അംഗീകരിക്കാൻ ഇടയില്ല.


The War Against Naked Animals

He Aims to Put Pants On Dogs, Slips on Horses And Even Bikinis on Cows!

Crusader Claims Their Nudity Is Ruining American Morals

SUMMONS

ENQUIRER

Page 2

വചനത്തിന്റെ വീക്ഷണകോണിൽ നിന്ന് നോക്കികാണുമ്പോൾ മാത്രമേ രോഗസൗഖ്യം എന്ത്, എങ്ങനെ എന്നൊക്കെ മനസിലാകൂ. ഒരു പെരുമാറ്റത്തെ വിധിക്കുന്നതിനുമുമ്പ് അല്ലെങ്കിൽ സ്വീകരിക്കുന്നതിനുമുമ്പ് വ്യക്തിത്വ സ്വാധീനങ്ങളിൽ നിന്ന് മോചനം നേടേണ്ടതുണ്ട്. വചനമെന്ന ദർപ്പണത്തിലൂടെ കാണുകയും കേൾക്കുകയും ചിന്തിക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്യുന്ന ഒരു സമൂഹം ഉടലെടുക്കുമെങ്കിൽ മനുഷ്യരെ വഞ്ചിച്ച് മുതലെടുക്കുന്ന അപകടകരമായ സ്ഥിതിവിശേഷത്തിന് മാറ്റമുണ്ടാകുമായിരുന്നു.

**തുറന്നുപറഞ്ഞാൽ** : അത്ഭുതരോഗശാന്തി ഷോയിൽ വിശ്വാസികളുടെ ബ്രേക്കാണാദ്യം പോകുക. പിന്നെ കണ്ണും കാതും ഉണ്ടായിട്ട് കാര്യമില്ല. പേരിനും പ്രശസ്തിക്കും പണത്തിനും വക കണ്ടെത്താനുള്ള ഉൾവിളിയുടെ ഭാഗമായുള്ള ഉരുണ്ടുകളിയായാണ് രോഗശാന്തി ക്രൂസേഡുകളെ ഞാൻ കാണുന്നത്.

ഇതു വായിക്കുന്ന ഏതെങ്കിലും പ്രവാചകനോ, രോഗശാന്തി ശുശ്രൂഷകനോ ഞങ്ങൾ പറയുന്ന കാര്യങ്ങളിൽ എതിർപ്പുണ്ടെങ്കിൽ സത്യസന്ധമായി, തെളിവുകളോടെ അവർ പ്രതികരിക്കട്ടെ. എന്റെ അവസ്ഥ പ്രവചിക്കട്ടെ. എന്റെ കാലിന് സൗഖ്യം നൽകട്ടെ. അങ്ങനെയെങ്കിൽ മാത്രമേ ഞാൻ മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾക്ക് ഒരു തിരുത്തൽ ആവശ്യമായി വരുന്നുള്ളൂ.

This is The Word of God
I Believe It!

# VEDABHIMANI

Annual Subscription Rs. 100/-

RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

2012 JUNE

# ഓടിപ്പോകാതെ അടുത്തു ചെല്ലുക



ഇന്ത്യക്കു സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ഇംഗ്ലണ്ടിലെ രാജാവായിരുന്നു ജോർജ് ആറാമൻ. ഒരിക്കൽ അദ്ദേഹം ഇംഗ്ലണ്ടിലെ തെരുവിലൂടെ നടക്കുകയായിരുന്നു. അവിടെ ഒരു തൂപ്പുകാരി ഒറ്റയ്ക്കു നിന്ന് റോഡ് വൃത്തിയാക്കുന്നത് രാജാവ് കണ്ടു.

"ഇതെന്താ തനിച്ചു നിന്ന് റോഡ് വൃത്തിയാക്കുന്നത്? മറ്റു തൂപ്പുകാരെവിടെ?" ജോർജ് രാജാവ് സ്നേഹത്തോടെ ചോദിച്ചു.

തന്റെ മുൻപിൽ നിൽക്കുന്നത് രാജാവാണെന്നൊന്നും പാവം തൂപ്പുകാരിക്ക് അറിയില്ലായിരുന്നു. അവർ പറഞ്ഞു:"ജോർജ് രാജാവ് വരുന്നുണ്ടെന്നറിഞ്ഞ് അവരെല്ലാവരും അദ്ദേഹത്തെ കാണാൻ എങ്ങോട്ടോ ഓടിപ്പോയി. ഞാനുംകൂടി പോയാൽ റോഡ് ആരു വൃത്തിയാക്കും? അതുകൊണ്ട് ഞാൻ പോയില്ല!"

അതുകേട്ട് പൊട്ടിച്ചിരിച്ചുകൊണ്ട് രാജാവ് ഒരു സ്വർണ്ണ നാണയം ആ സ്ത്രീക്ക് സമ്മാനിച്ചു. എന്നിട്ടു പറഞ്ഞു, "എല്ലാവരും രാജാവിനെ കാണാൻ പോയപ്പോൾ, രാജാവ് നിന്നെ കാണാൻ വന്നെന്ന് നീ മറ്റുള്ളവർ വരുമ്പോൾ പറയണം!"

ഇംഗ്ലണ്ടിലെ ജനങ്ങൾ തമാശയായി പറയുന്ന ഈ സംഭവത്തിൽ വലിയൊരു ആശയം അടങ്ങിയിട്ടുണ്ട്. രാജാവ് വിശ്വസ്തരായ പ്രജകളുടെ അടുക്കലേക്ക് വരിക... അവർക്ക് സമ്മാനം കൊടുക്കുക. ഇതൊക്കെ അവിശ്വസനീയമായി തോന്നാം. എന്നാൽ ഇതിനപ്പുറം വാസ്തവമായി തന്നെ അന്വേഷിക്കുന്ന - വിളിച്ചപേക്ഷിക്കുന്നവർക്ക് സമീപസ്ഥനായ, നിത്യജീവൻ സമ്മാനമായി നൽകുന്ന ഒരു മഹാരാജാവുണ്ട്, **യേശുക്രിസ്തു**.

2000 വർഷങ്ങൾക്കിപ്പുറവും ഗൗരവമായി പറയുവാനും ചിന്തിക്കുവാനും കഴിയുന്ന യാഥാർത്ഥ്യവും സജീവവുമായ ഒരു അനുഭവമാണത്. ആശ്വസിപ്പിക്കുകയും താങ്ങി വഴി നടത്തുകയും ചെയ്യുന്ന ഒരു മഹാരാജാവ്. രാജാധിരാജാവായ യേശുവിനെ സമീപിക്കുവാൻ വ്യക്തികളുടെ ശിപാർശ വേണ്ട. ഒരു സമൂഹത്തിന്റെയും പിൻബലവും വേണ്ട.

ഓർക്കുക. ജനിക്കുമ്പോഴും മരിക്കുമ്പോഴും മരണാനന്തര ന്യായവിധിയിലും എന്നുവേണ്ട, ജീവിതയാഥാർത്ഥ്യങ്ങൾക്കു മുന്നിൽ നിങ്ങൾ ഒറ്റയ്ക്കാണ്. വ്യക്തികൾക്കോ സമൂഹങ്ങൾക്കോ മനുഷ്യൻ പടച്ചുണ്ടാക്കിയ ഏതെങ്കിലും സഭകൾക്കോ നിങ്ങളെ രക്ഷിപ്പാൻ സാധിക്കില്ല. അതുകൊണ്ട് ഇപ്പോൾ സമീപസ്ഥനായ രാജാധിരാജാവായ യേശുവിൽകൂടെ രക്ഷ പ്രാപിക്കുവാൻ നിത്യജീവൻ എന്ന വിലയേറിയ സമ്മാനം കരഗതമാക്കുവാൻ യേശുവുമായി ഒരു ബന്ധം സ്ഥാപിക്കുക. ***കൂടുതൽ വിവരങ്ങൾക്ക് മാസികാവിലാസത്തിൽ ബന്ധപ്പെടുക.***

# പിറന്നാൾ ആഘോഷം



ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത 95-ാം വയസിലും പിറന്നാൾ ആഘോഷിച്ചതിലൂടെ കേരളജനതയെ കൂടുതൽ ചിന്തിപ്പിച്ചതിന്റെ പരിണിതഫലമാണ് ഈ കുറിപ്പ്.

ക്രൈസ്തവ സഭയിലെ മെത്രാപ്പോലീത്തമാർ സന്യാസം സ്വീകരിച്ചവരാണ്. സന്യാസം സ്വീകരിച്ചതിലൂടെ അവർ ലോകത്തെ സംബന്ധിച്ചിടത്തോളം ഭൗതികമായ കാര്യങ്ങളിൽ മരിച്ചവരായി. ശാരീരിക വികാരങ്ങളിലും ചിന്തയിലും സ്വയം മരണത്തെ വരിച്ചവരാണ് മെത്രാപ്പോലീത്തമാർ. അങ്ങനെയുള്ളവർ കൊട്ടും കുരവയും ആരവങ്ങളുമായി പിറന്നാൾ ആഘോഷിക്കുന്നത് അഭംഗിയാണ്. കാരണം, മരിച്ചവർക്ക് പിറന്നാളില്ല. ഉണ്ടെങ്കിൽത്തന്നെ പിറന്നാളാഘോഷം ജീവിതത്തിലെ ഏറ്റവും വലിയ വിഡ്ഢിത്തരമാണ്. ഒരു വയസു കൂടുമ്പോൾ ആയുസ്സിൽ ഒരു വർഷം കുറയുകയാണ്. സ്വന്തം ആയുസ് കുറയുന്നതും ആഘോഷമാക്കി മാറ്റുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ വിവരക്കേടാണ്. -ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

***തിരുമേനി മാത്രമല്ല, ആത്മീയരെന്നഭിമാനിക്കുന്ന വിശ്വാസികളും ഈ ചിന്താശകലം ആവർത്തിച്ചു വായിക്കണം.***




ന്യൂ ഫൗണ്ട്ലൻഡിന്റെ തീരത്തുവച്ചു അമേരിക്കൻ വിമാനവാഹിനിക്കപ്പലായ യു.എസ്.എസ്. ലിങ്കണും കനേഡിയൻ കടലോര അധികാരികളും തമ്മിൽ 1995 ഒക്ടോബറിൽ ചൂടുപിടിച്ച ഒരു റേഡിയോ സംഭാഷണം നടന്നു. അതു ഇപ്രകാരമായിരുന്നു.

'കൂട്ടിയിടി ഒഴിവാക്കാനായി നിങ്ങളുടെ യാത്രാപഥം പതിനഞ്ചു ഡിഗ്രി വടക്കോട്ടു മാറുക." അമേരിക്കക്കാർ ഉറച്ച സ്വരത്തിൽ റേഡിയോ സന്ദേശം നൽകി. അപ്പോൾ കാനഡക്കാർ പറഞ്ഞു: "കൂട്ടിയിടി ഒഴിവാക്കാനായി നിങ്ങൾ പതിനഞ്ചു ഡിഗ്രി തെക്കോട്ടു മാറി കപ്പലോടിക്കുകയാണ് വേണ്ടത്."

ഉടനെ റേഡിയോ വീണ്ടും ശബ്ദിച്ചു: "അമേരിക്കൻ നേവിയുടെ ഒരു കപ്പലിന്റെ ക്യാപ്റ്റനാണ് സംസാരിക്കുന്നത്. ഞാൻ വീണ്ടും പറയുന്നു നിങ്ങൾ പതിനഞ്ചു ഡിഗ്രി വടക്കോട്ടു മാറി യാത്ര ചെയ്യുക."

അപ്പോൾ റേഡിയോയിൽ കാനഡക്കാരന്റെ മറുപടി: "ഞാൻ വീണ്ടും പറയുന്നു, ഞങ്ങളല്ല നിങ്ങളാണ് വഴിമാറി യാത്ര ചെയ്യേണ്ടത്!"

ഈ മറുപടി കേട്ടു കുപിതനായ അമേരിക്കൻ ക്യാപ്റ്റൻ പറഞ്ഞു: "ഇതു അമേരിക്കയുടെ വിമാനവാഹിനിക്കപ്പലായ യു.എസ്.എസ്. ലിങ്കൺ ആണ്. അറ്റ്ലാന്റിക് സമുദ്രത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ കപ്പലാണിത്. ഈ കപ്പലിനൊപ്പം മറ്റു പല കപ്പലുകളും ധാരാളം നാവികരുമുണ്ട്. നിങ്ങളുടെ കപ്പൽ വടക്കോട്ട് പതിനഞ്ചു ഡിഗ്രി വഴിമാറി യാത്ര ചെയ്യണമെന്ന് ഞാൻ ആജ്ഞാപിക്കുന്നു. വടക്കോട്ട് പതിനഞ്ചു ഡിഗ്രി മാറിപ്പോകുക. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഞങ്ങളുടെ കപ്പലിന്റെ സുരക്ഷിതത്വത്തിനുവേണ്ടി നിങ്ങളുടെ കപ്പലിനെ ആക്രമിക്കുവാൻ ഞങ്ങൾ നിർബന്ധിതരാകും." ഭീഷണിയുടെ സ്വരം കേട്ടപ്പോൾ കാനഡക്കാർ പറഞ്ഞു: "ഞങ്ങൾ ഒരു ലൈറ്റ്ഹൗസ് ആണ്. ഇനി നിങ്ങൾക്കു പറയാനുള്ള ഊഴമാണ്."

ലൈറ്റ്ഹൗസിൽ നിന്നുള്ള മറുപടി കേട്ട്അമേരിക്കൻ കപ്പലിന്റെ ക്യാപ്റ്റൻ ലജ്ജിച്ച് വിളറിവെളുത്തുപോയിട്ടുണ്ടാകണം! ഈ കഥയിലെ ക്യാപ്റ്റനും അതുപോലെ അദ്ദേഹത്തോടു പ്രതികരിച്ച ലൈറ്റ്ഹൗസിലെ ആളുകളും നമ്മുടെ പ്രതിനിധികൾ തന്നെ. അവരുടെ കഥ നമ്മുടേയും കഥയാണ്-നമ്മുടെ മുൻവിധികളുടെയും അഹങ്കാരത്തിന്റെയും മറ്റുള്ളവരെ കൊച്ചാക്കുവാനുള്ള മോഹത്തിന്റെയും കഥ.

മുൻവിധികൾ ഇല്ലാതെ നമുക്കു കാര്യങ്ങൾ കാണാം. കേൾക്കാം. അഹങ്കാരമില്ലാതെ നമുക്കു മറ്റുള്ളവരോട് ഇടപെടാം. ആരെയും കൊച്ചാക്കാതെ മറ്റുള്ളവരോടു പെരുമാറാം. അതാണു നമുക്കും മറ്റുള്ളവർക്കും എപ്പോഴും നല്ലത്.




ആളുകൾ തിങ്ങിക്കൂടുന്നിടത്ത് നടത്തുന്ന പ്രസംഗങ്ങൾക്ക് എന്താണ് കുഴപ്പം.

*ജോൺ പണിക്കർ, കുമ്പളം, പേരയം, കുണ്ടറ.*

☹ **അതിന് തലയും ഹൃദയവുമില്ല. വയർ മാത്രമേയുള്ളു.**

☺ ചാനലുകളിലെ പ്രസംഗങ്ങളിൽ വിടുതൽ ശുശ്രൂഷകർ പറയുന്നു കടം, രോഗം, മാനസിക പ്രശ്നങ്ങൾ ഇതൊക്കെയാണ് യഥാർത്ഥ പ്രശ്നങ്ങൾ എന്ന്. ശരിക്കും ഇത് പറയുന്നവരുടെ പ്രശ്നം എന്താണ്.

*ഷീബാ സുരേന്ദ്രൻ, മുട്ടമ്പലം, കഞ്ഞിക്കുഴി, കോട്ടയം*

☹ **പറ്റിച്ച് എങ്ങനെ പണമുണ്ടാക്കാം എന്നതാണ് അവരുടെ പ്രശ്നം.**

☺ ക്രൂസേഡുകളിൽ കാണുന്ന നൃത്തരംഗങ്ങൾ കണ്ടിട്ട് എന്തു മനസിലായി...

*പ്രദീപ്, കരിങ്ങൽ, കണ്ടള, കൂവളശ്ശേരി, തിരുവനന്തപുരം*

☹ **സിനിമാറ്റിക് ഡാൻസ് ആത്മീയ നൃത്തമാക്കി മാറ്റാം എന്നു മനസ്സിലായി.**

☺ ആത്മീയ നേതൃത്വം എന്നുവച്ചാൽ എന്താണ്.

*ഷേർലി പാപ്പച്ചൻ, പുല്ലംകോട്. പെരുമണ്ണൂർ, വാളകം*

☹ **കയ്യിലിരുപ്പനുസരിച്ച് കാശുണ്ടാക്കാവുന്ന വിശാലമായ സെറ്റപ്പാണ്.**

☺ സഭാ നേതാക്കന്മാർ സഭാവിശ്വാസികളുടെ മരണാനന്തര കർമ്മങ്ങൾ നടത്തുന്നുവെങ്കിൽ സ്വർഗ്ഗയാത്രയിൽ അത് എത്രത്തോളം പ്രയോജനം ചെയ്യും.

*സാജു മാത്യു, അച്ചൻകോവിൽ, പിറവന്തൂർ, കൊല്ലം*

☹ **നേതാക്കന്മാരുടെ ശിപാർശകത്തുമായി സ്വർഗ്ഗത്തിന്റെ തെക്കേ നടയിലുള്ള ഗേറ്റിലെത്തിയാൽ നരകത്തിലേക്കുള്ള വഴി പറഞ്ഞുതരും.**

☺ ഇന്നത്തെ പ്രവചന, രോഗശാന്തി ശുശ്രൂഷകൾ എങ്ങനെയാണ് കലാപ്രകടനമാകുന്നത്.

*ടി.കെ. പ്രേമജൻ, വട്ടക്കാവ്, വേലപ്ര, കോന്നി*

☹ **ശത്രുക്കൾപോലും അറിയാതെ അവരെ പറ്റിച്ച് കാര്യം സാധിച്ചെടുക്കുന്നത് ഒരു കല തന്നെയല്ലേ..**




Printed, Published and owned by Titus Kply, Punnoothara, Kerala 690 516. Layout: Logi : 9495507765, Printed at St. Paul's Offset Mavelikara.
Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally